## പന്ത്രണ്ടാം കേരള നിയമസഭ

### നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 511 | 29.03.2007-ൽ മറുപടിയ്ക്ക് |
|---|---|

**_സർക്കാർ ആശുപത്രികളിലെ കേടായ ഉപകരണങ്ങൾ_**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. എം.ജെ. ജേക്കബ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിലെ കേടായ നിരവധി ഉപകരണങ്ങൾ നന്നാക്കാതെ കൂട്ടിയിട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ചില പരാതികൾ ലഭിച്ചിട്ടുണ്ട് |
| (ബി) | ആശുപത്രി ഉപകരണങ്ങളും മറ്റ് സാമഗ്രികളും നന്നാക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; ഇതിന് ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; | ബി | നിലവിൽ ആശുപത്രി ഉപകരണങ്ങളും മറ്റ് സാമഗ്രികളെയും മൂന്ന് വിഭാഗമായി തരം തിരിച്ച് നന്നാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പതിനായിരം രൂപയ്ക്ക് താഴെ വിലയുള്ള ചെറിയതരം ഉപകരണങ്ങൾ; പതിനായിരം രൂപയ്ക്ക് മുകളിൽ വിലയുള്ള ഇടത്തരം ഉപകരണങ്ങൾ; ആൾട്രാ സൗണ്ട് സ്കാനറുകൾ, എക്സ്-റേ മെഷീനുകൾ പോലുള്ള മേൽത്തരം ഉപകരണങ്ങൾ എന്നിങ്ങനെയാണ് തരം തിരിച്ചിട്ടുള്ളത്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഒരു സംസ്ഥാനതല യൂണിറ്റും പ്രാദേശികതലത്തിൽ മൂന്ന് ഹോസ്പിറ്റൽ എക്യുപ്മെന്റ് റിപ്പയർ മൊബൈൽ യൂണിറ്റുകളും ജില്ലാതലത്തിൽ ഓരോ റഫ്രിജറേഷൻ മെക്കാനിക്കും പ്രവർത്തിച്ചുവരുന്നു. കൂടാതെ, എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും കേടായ ഉപകരണങ്ങൾ നന്നാക്കുന്നതിനുള്ള സംവിധാനം ഉണ്ട്. |
| (സി) | ഉപയോഗയോഗ്യമാക്കാവുന്ന ഉപകരണങ്ങളും മറ്റു സാമഗ്രികളും കാലതാമസം കൂടാതെ റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കട്ടിലുകളും ട്രോളികളും സ്റ്റാൻറുകളും മറ്റും തുരുമ്പ് പിടിച്ച് അപകടാവസ്ഥയിലായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ ഉപയോഗയോഗ്യമാക്കാൻ നടപടിസ്വീകരിക്കുമോ; | ഡി | ഇല്ല. ഉപയോഗയോഗ്യമല്ലാത്തവ നീക്കം ചെയ്യുന്നതിനും ഉപയോഗയോഗ്യമാക്കാൻ കഴിയുന്നവ നന്നാക്കി ഉപയോഗിക്കുന്നതിനും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | ആവശ്യത്തിന് ട്രോളികൾ ഇല്ലാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) | ആരോഗ്യ വകുപ്പിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിഹിതം ഉപയോഗിച്ചാണ്. ഈ വർഷം ഫണ്ടിന്റെ അപര്യാപ്തതമൂലം ട്രോളി പർച്ചേസ് ഉൾപ്പെടുത്തിയിട്ടില്ല. അടുത്തവർഷത്തെ പർച്ചേസിൽ ട്രോളി ഉൾപ്പെടുത്തി ഇവ ഇല്ലാത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

Dauly

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 512 | 29.03.2007-ൽ മറുപടിയ്ക്ക് |
|---|---|

### *ലബോറട്ടറികളിലെ സൗജന്യ പരിശോധന*

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ | സർക്കാർ ലബോറട്ടറികളിൽ വിവിധ പരിശോധനകൾക്ക് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വരിൽ നിന്നും ഫീസ് ഈടാക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | എ | നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി | എങ്കിൽ ഇതിനു വിരുദ്ധമായി സർക്കാർ ലബോറട്ടറികളിൽ ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി | ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റികളെ ബി.പി. എൽ കാരിൽ നിന്നും ഫീസ് ഈടാ ക്കുവാൻ അനുവദിച്ചി ട്ടുണ്ടോ; സർക്കാർ ആശുപത്രികളിലും അവയോടനുബന്ധിച്ച് സൊസൈറ്റികൾ നടത്തുന്ന ലബോറട്ടറികളിലും ബി.പി.എൽ. കാർക്ക് പരിശോധന സൗജന്യമാക്കുമോ? | സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലെ തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എസ്.എ.റ്റി. ആശുപത്രിയിൽ മാത്രമാണ് ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി പ്രവർത്തിക്കുന്നത്. ഇവിടെ ബി.പി.എൽ കാർക്ക് പരിശോധന സൗജന്യമായാണ് നൽകുന്നത്. മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള സൊസൈറ്റികൾ നടത്തുന്ന ലാബുകളിലും ബി.പി.എൽകാർക്ക് പരിശോധന സൗജന്യമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.513

29.03.2007ൽ മറുപടിക്ക്

## ഖാദി മേഖലയിലെ തൊഴിൽ സാധ്യതകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വർക്കല കഹാർ<br>ശ്രീ. എൻ.ശക്തൻ<br>ശ്രീ. ജോർജ്ജ് മേഴ്സിയർ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| (എ). ഖാദി രംഗത്ത് പുതുതായി കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിന് എന്തെല്ലാം പദ്ധതികളുണ്ട്; | (എ). ഖാദി രംഗത്ത് പുതുതായി കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കുന്നതാണ്.<br>(1) പ്രവർത്തനക്ഷമമല്ലാത്ത ഖാദി സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുക.<br>(2) ഖാദിബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലല്ലാത്ത ഖാദി സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ധനസഹായം നൽകുക<br>(3) സംസ്ഥാനത്തെ സിൽക്ക് തുണിത്തരങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുക.<br>(4) പരമ്പരാഗത വ്യവസായ രംഗത്തെ തൊഴിലാളികൾക്ക് കൂടുതൽ |

തൊഴിലവസരം സൃഷ്ടിക്കുന്നതിന് പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി.

(5) കൂടുതൽ ചർക്കകളും തറികളും ഉപയോഗിച്ചുകൊണ്ട് നിലവിലുള്ള ഉല്പാദന സംവിധാനം വിപുലപ്പെടുത്തുക

(6) ആധുനിക വിപണന തന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ട് ഖാദി ഉല്പാദനങ്ങളുടെ വിപണനം വർദ്ധിപ്പിക്കുക.

(7) കേന്ദ്ര ഖാദി കമ്മീഷന്റെ ധനസഹായത്തോടെ മാർജിൻ മണി പദ്ധതി വഴി ഗ്രാമീണ വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ തുടങ്ങാൻ സഹായം നൽകുക.

| | |
|---|---|
| (ബി) ഇതനുസരിച്ച് ഓരോ വർഷവും എത്ര പേർക്ക് വീതം തൊഴിൽ കൊടുക്കാൻ കഴിയുമെന്ന് പറയുമോ? | (ബി). ഖാദി മേഖലയിൽ 5,000 പേർക്കും പരമ്പരാഗത വ്യവസായ മേഖലയിൽ 1,00,000 പേർക്കും (ഫണ്ടിന്റെ ലഭ്യതക്കനുസൃതമായി) അടുത്ത 5 വർഷം കൊണ്ട് തൊഴിൽ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. **514** 29.03.2007 - ൽ മറുപടിക്ക്

## "നഴ്സിംഗ് പഠനം"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് എം പുതുശ്ശേരി<br>റോഷി അഗസ്റ്റിൻ<br>തോമസ് ചാഴികാടൻ | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ,<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ നിന്ന് പ്രതിവർഷം എത്ര കുട്ടികൾ അന്യസംസ്ഥാനങ്ങളിൽ നഴ്സിംഗ് പഠനത്തിനുപോകുന്നുണ്ട്; | (എ) അന്യസംസ്ഥാനങ്ങളിൽ നഴ്സിംഗ് പഠനത്തിനു പോകുന്നവരുടെ എണ്ണം ലഭ്യമല്ല. |
| (ബി) സംസ്ഥാനത്തുനിന്നുള്ള നഴ്സിംഗ് വിദ്യാർത്ഥികളെ കർണ്ണാടകത്തിലെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ ക്രൂരമായി പീഢിപ്പിക്കുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ചില പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) ഇക്കാര്യത്തിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്തുനിന്നുള്ള നഴ്സിംഗ് വിദ്യാർത്ഥികളെ കർണ്ണാടകത്തിലെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ പീഢിപ്പിക്കുന്നതായുള്ള പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിലെ നഴ്സിംഗ് കോളേജുകളുടെ മേൽ കേരള സർക്കാരിന് നേരിട്ട് ഇടപെടാൻ അധികാരമില്ലാത്തതിനാൽ ആവശ്യമായ നടപടികൾ എടുക്കാൻ ഇന്ത്യൻ നഴ്സിംഗ് കൗൺസിലിലേക്ക് പരാതികൾ അയച്ചു കൊടുത്തിട്ടുണ്ട്. സംസ്ഥാന നഴ്സിംഗ് കൗൺസിലിന്റെയും ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെയും അംഗീകാരമുള്ള നഴ്സിംഗ് സ്ക്കൂളുകളുടെ പേരു വിവരം നഴ്സിംഗ് കൗൺസിൽ വഴിയും വെബ്സൈറ്റ് വഴിയും അറിയാനുള്ള സംവിധാനം ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ ഏജന്റുമാർ വഴി പ്രവേശനം നേടരുതെന്ന് |

| | |
|---|---|
| | പത്രമാദ്ധ്യമങ്ങൾ വഴി പൊതുജനങ്ങളെ സർക്കാർ അറിയിച്ചിട്ടുണ്ട് |
| (ഡി) ഇവർക്ക് കേരളത്തിൽ തന്നെ പഠനം നടത്തുന്നതിന് ആവശ്യമായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ഡി) സംസ്ഥാനത്ത് ഇപ്പോൾ സർക്കാർ മേഖലയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 5 നഴ്സിംഗ് കോളേജുകളും 18 നഴ്സിംഗ് സ്ക്കൂളുകളും സ്വാശ്രയമേഖലയിൽ 59 നഴ്സിംഗ് കോളേജുകളും 191 നഴ്സിംഗ് സ്ക്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയും കണ്ണൂർ യൂണിവേഴ്സിറ്റിയും നടത്തുന്ന 8 നഴ്സിംഗ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള നഴ്സിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സീറ്റുകൾ വർദ്ധിപ്പിക്കുന്ന കാര്യവും സർക്കാർ നഴ്സിംഗ് സ്കൂളുകളെ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന മുറയ്ക്ക് നഴ്സിംഗ് കോളേജുകളായി ഉയർത്തുന്ന ഒരു നിർദ്ദേശവും സർക്കാർ സജീവമായി പരിഗണിച്ചുവരുന്നു. ഈ നിർദ്ദേശം നടപ്പിലാക്കുന്നതനുസരിച്ച് കൂടുതൽ പേർക്ക് പ്രവേശനം നൽകാവുന്നതാണ്. |

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 515 29/03/2007-ൽ മറുപടിക്ക്

വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള മേജർ ശുദ്ധജല വിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. അനിരുദ്ധൻ : | ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള മേജർ ശുദ്ധജല വിതരണ പദ്ധതികൾ ഏതെല്ലാമാണ് ; | (എ) വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള മേജർ ശുദ്ധജലവിതരണ പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) ഇപ്പോൾ പണി നടന്നു വരുന്ന ശുദ്ധജലവിതരണ പദ്ധതികൾ ഏതെല്ലാം ; അവ എന്നത്തേക്ക് പൂർത്തിയാകും എന്ന് വെളിപ്പെടുത്തുമോ ; | (ബി) വിവരം അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ദീർഘകാല വീക്ഷണത്തോട് കൂടിയുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നുണ്ടോ ; എങ്കിൽ അവ ഏതെല്ലാം ? | (സി) ഉണ്ട്. കേരള വാട്ടർ അതോറിറ്റി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്<br><br>1) കേന്ദ്ര സർക്കാരിന്റെ ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ പരിപാടിയിൽ (ജെ.എൻ.എൻ.യു.ആർ.എം) ഉൾപ്പെടുത്തി കൊച്ചി കുടിവെള്ള പദ്ധതി, തിരുവനന്തപുരം നഗരത്തിലേക്കുള്ള കുടിവെള്ള പദ്ധതി.<br><br>2) ഇതുകൂടാതെ ചെറുകിട ഇടത്തരം പട്ടണങ്ങളിലേക്കുള്ള കേന്ദ്ര സർക്കാർ പരിപാടിയായ അർബൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പമെന്റ് സ്കീം ഫോർ സ്മോൾ ആന്റ് മീഡിയം ടൗൺസിൽ (യു.ഐ.ഡി.എസ്.എസ്.എം.റ്റി) ഉൾപ്പെടുത്തി തൃശ്ശൂർ കോർപ്പറേഷനിലേക്കുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണം, പയ്യന്നൂർ കുടിവെള്ള പദ്ധതി, |

ആലപ്പുഴ നഗര പ്രദേശത്തേയ്ക്കുള്ള കുടിവെള്ള പദ്ധതി എന്നിവ

കൂടാതെ ഈ പരിപാടിയിൽ ഉൾപ്പെടുത്തുവാൻ പുതിയ പദ്ധതികൾക്ക് കേരള വാട്ടർ അതോറിറ്റി രൂപം നൽകുന്നുണ്ട്. ഗ്രാമീണ മേഖലയിൽ കേന്ദ്ര സർക്കാരിന്റെ ത്വരിത ഗ്രാമീണ കുടിവെള്ള പരിപാടിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം :516

29.03.2007 ന് മറുപടിയ്ക്ക്

## മാർച്ച് 31-നു മുമ്പ് പൂർത്തിയാകുന്ന ജലസേചന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. സി. വേണുഗോപാൽ :<br>ശ്രീ. കെ. ബാബു :<br>ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. പി. സി. വിഷ്ണുനാഥ് : | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) 2007 മാർച്ച് 31-നു മുമ്പ് എത്ര ചെറുകിട ജലസേചന പദ്ധതികളുടെ പ്രവർത്തനം ഉദ്ഘാടനം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട് ; | (എ) 2007 മാർച്ച് 31-നു മുമ്പ് കോഴിക്കോട് ചെറുകിട ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എൻജിനീയറുടെ അധികാര പരിധിയിൽ വരുന്ന 21 (ഇരുപത്തി ഒന്ന്), ചെറുകിട ജലസേചന പദ്ധതികളും, എറണാകുളം ചെറുകിട ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എൻജിനീയറുടെ അധികാര പരിധിയിൽ വരുന്ന 19(പത്തൊമ്പത്), ചെറുകിട ജലസേചന പദ്ധതികളും പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാവുന്നതാണ്. |
| (ബി)അതിൽ എത്രയെണ്ണത്തിന്റെ പണി ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം പൂർത്തിയാക്കി ? | (ബി)മുകളിൽ പറഞ്ഞിരിക്കുന്നതായ എല്ലാ പണികളും ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം പൂർത്തീകരിച്ചവയാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.517 — 29.3.2007 ൽ മറുപടിക്ക്

പെൺ ഭ്രൂണഹത്യ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീമതി കെ.കെ. ലതിക<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ.കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. ബാബു. എം. പാലിശ്ശേരി | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പെൺഭ്രൂണഹത്യകൾ വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി) എങ്കിൽ ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; | ബി) ചോദ്യം ഉദിക്കുന്നില്ല. |
| സി) ഗർഭസ്ഥശിശുവിന്റെ ലിംഗ നിർണ്ണയം നടത്തുന്നതിന് ആശുപത്രികൾക്ക് പ്രത്യേക രജിസ്ട്രേഷൻ ആവശ്യമുണ്ടോ; രജിസ്ട്രേഷൻ ഇല്ലാതെ പരിശോധന നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ; | സി) പി.എൻ.ഡി.റ്റി ആക്ട് അനുസരിച്ച് സ്കാനിംഗ് മെഷീൻ ഉപയോഗിക്കുന്നതിന് ആശുപത്രികൾക്ക് പ്രത്യേക രജിസ്ട്രേഷൻ ആവശ്യമാണ്. ഇതിനായി നിശ്ചിത തുക അടച്ച് മെഷീൻ രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധമാണ്. രജിസ്ട്രേഷൻ ഇല്ലാത്ത മെഷീൻ ഉപയോഗിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) സംസ്ഥാനത്ത് പ്രതിവർഷം എത്ര ഭ്രൂണഹത്യകൾ നടക്കുന്നു എന്ന് വെളിപ്പെടുത്തുമോ? | ഡി) 2002-2003 മുതൽ 2006-2007 ജനുവരി വരെ നടത്തിയിട്ടുള്ള ഭ്രൂണഹത്യയുടെ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br>1. 2002-2003 - 33,733<br>2. 2003-2004 29,204<br>3. 2004-2005 27,918<br>4. 2005-2006 - 23,437<br>5. 2006 ജനുവരി-2007 - 14,233 |

Bhoo L V

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ.518

29.3.07-ന്
മറുപടിയ്ക്ക്

<u>അമ്മത്തൊട്ടിലും ദത്തെടുക്കൽ നിയമവും</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> | |
|---|---|---|---|
| ശ്രീ. ആർ.സെൽവരാജ്:<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു:<br>മവും ശ്രീമതി.ജെ.അരുന്ധതി:<br>ശ്രീ.എം.ജെ.ജേക്കബ്: | | ശ്രീമതി പി.കെ.ശ്രീമതി ടീച്ചർ<br>(ബഹു.ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | അമ്മത്തൊട്ടിലുകൾ ഏതൊക്കെ ജില്ലകളിലാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (എ) | **തിരുവനന്തപുരം** ജില്ലയിൽ **മാത്രമേ** അമ്മത്തൊട്ടിൽ നിലവിലുള്ളൂ. |
| (ബി) | അമ്മത്തൊട്ടിലുകൾ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | അമ്മത്തൊട്ടിലിൽ ലഭിക്കുന്ന കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; | (സി) | ഇല്ല.<br>സംസ്ഥാന സർക്കാർ നേരിട്ട് ഫണ്ട് അനുവദിക്കുന്നില്ല. കേന്ദ്ര സർക്കാരിന്റെ ശിശുഗൃഹ പദ്ധതിയിൻ കീഴിൽ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. കൂടാതെ ശിശുക്ഷേമ സമിതിയുടെ പ്രവർത്തനങ്ങൾക്കായി ശിശുദിന സ്റ്റാമ്പ് വിൽപ്പനയിലൂടെ ലഭിക്കുന്ന തുക കൂടി ചെലവഴിക്കാൻ സർക്കാർ അനുമതി നല്കിയിട്ടുണ്ട്. |
| (ഡി) | എത്ര വയസ്സുവരെയാണ് ശിശുക്ഷേമ സമിതി ഈ കുട്ടികളെ സംരക്ഷിക്കുന്നത്; അമ്മത്തൊട്ടിൽ സ്ഥാപിക്കുന്നതിനായി എത്ര | (ഡി) | ശിശുക്ഷേമ സമിതി നടത്തിവരുന്ന ഫൗണ്ടിലിംഗ് ഹോമിൽ 5 വയസ്സുവരെ കുട്ടികളെ പാർപ്പിക്കുന്നതിന് അംഗീകാരമുണ്ട്. |

| | | | |
|---|---|---|---|
| | അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. | | അമ്മത്തൊട്ടിൽ സ്ഥാപിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടില്ല. |
| (ഇ) | അമ്മത്തൊട്ടിലിൽ ലഭിച്ച കുട്ടികളിൽ എത്ര പേരെ ദത്ത് നൽകിയിട്ടുണ്ട്; | (ഇ) | അമ്മത്തൊട്ടിലിൽ ലഭിച്ച 45 കുട്ടികളെ ഇതുവരെയായി ദത്തു നല്കിയിട്ടുണ്ട്. |
| (എഫ്) | നിലവിലുള്ള നിയമം ദത്തെടുക്കുന്ന കാര്യത്തിൽ വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ഇല്ല<br>സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ (കാര) മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് കുട്ടികളെ ദത്തിനായി നൽകുന്നത്. ദത്തു നൽകപ്പെടുന്ന കുഞ്ഞിന് സ്നേഹവും ശ്രദ്ധയും പരിചരണവും സുരക്ഷയും മെച്ചമായ ഭാവിയും ഉറപ്പാക്കുന്ന ഒരു കുടുംബം ഉണ്ടാക്കുക എന്ന ലക്ഷ്യം വച്ചാണ് നിലവിലുള്ള നിയമങ്ങളും നിബന്ധനകളും ഏർപ്പെടുത്തിയിട്ടുള്ളത്. |
| (ജി) | എങ്കിൽ നിയമം ഭേദഗതി ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ജി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

[illegible] കേരള നിയമസഭ

നാലാം സമ്മേളനം

[illegible] 19

29.3.2001-ൽ മറുപടിക്ക്

## ജലസ്രോതസ്സുകളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| [illegible] ബാലൻ :<br>[illegible] കുമാർ :<br>[illegible]<br>[illegible] | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) നദികൾ, കായലുകൾ തുടങ്ങിയ ജല സ്രോതസ്സുകൾ മാലിന്യ വിമുക്തമാക്കുന്നതിന് [illegible] പദ്ധതികളുണ്ടോ ; എങ്കിൽ വിശ [illegible] ;

(എ) പമ്പാ നദിയുടെ മാലിന്യ നിവാരണ[illegible] പമ്പാ കർമ്മ പദ്ധതി നടപ്പിലാക്കി വരുന്നു. [illegible]റിന്റെ സംരക്ഷണത്തിനായി സേവ് പെരിയാർ [illegible] കർമ്മ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കു[illegible] ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്തു വരുന്നു. വേമ്പനാട് കായലിന്റെ സംരക്ഷണത്തിനായി മലിനീക രണനിയന്ത്രണ ബോർഡ് തയ്യാറാക്കിയ റിപ്പോർട്ട് പരി സ്ഥിതി വകുപ്പ് ചർച്ച ചെയ്യുകയും. റിപ്പോർട്ട് പരിഷ്ക്കരിക്കുന്നതിനുള്ള കമ്മിറ്റി പ്രവർത്തി[illegible] വരികയും ചെയ്യുന്നു. റിവർ ബേസിൻ [illegible] കൾ രൂപീകരിക്കുന്നതിനുള്ള നടപടി [illegible] വരുന്നു.

(ബി) സംസ്ഥാനത്ത് ഏതെല്ലാം ഭാഗങ്ങളിൽ [illegible] ശാലകളിൽ നിന്ന് രാസമാലിന്യ ങ്ങളും അവശിഷ്ടങ്ങളും ഇത്തരം ജലസ്രോത സ്സുകളിൽ [illegible] എന്ന് കണ്ടെത്തിയിട്ടു [illegible] ;

(ബി) ആലുവ മേഖലയിലെ വ്യവസായ[illegible] നിന്നും പെരിയാറിലും, ആലപ്പുഴയിലെ കയർ [illegible] കളിൽ നിന്നും മാക് ഡോവൽ കമ്പനിയിൽ നിന്നും അവിടെയുള്ള ജലാശയങ്ങളിലേക്കും രാസമാലിന്യ ങ്ങളും അവശിഷ്ടങ്ങളും കയറാൻ സാദ്ധ്യതയുള്ളതി നാൽ മുൻകരുതലുകൾ എടുത്തിട്ടുണ്ട്.

(സി) [illegible] രീതിയിൽ ജലസ്രോത [illegible] സംരക്ഷിക്കുന്നതിന് ഏതെല്ലാം പദ്ധ [illegible] നടപ്പാക്കി വരുന്നു [illegible] ?

(സി) നദികൾ, കുളങ്ങൾ മുതലായവയിലേക്കുള്ള മണ്ണൊലിപ്പ് തടയുന്നതിനുള്ള പാർശ്വസംരക്ഷണ [illegible] കളും റിസർവോയറുകളിലെ [illegible] ചെയ്യുന്നതിനുള്ള [illegible]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം : 520

29.03.2007 -ൽ മറുപടിയ്ക്ക്

## 'കാഡ' പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ :<br>ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. സി. കെ. പി. പത്മനാഭൻ :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം : | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കമാന്റ് ഏരിയയിലുള്ള ഫീൽഡ് ചാനലുകളും ഓവു ചാലുകളും നിർമ്മിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ ; | (എ) കേന്ദ്ര ഗവൺമെന്റിന്റെ സി.എ.ഡി.ഡബ്ല്യു.എം. പദ്ധതി പ്രകാരം കാഡായുടെ കീഴിലുള്ള കാഞ്ഞിരപ്പുഴ, പഴശ്ശി, പെരിയാർവാലി, കല്ലട എന്നീ പദ്ധതികളിൽ ഫീൽഡ് ചാനലുകളും ഓവു ചാലുകളും നിർമ്മിക്കുന്നുണ്ട്. ഫീൽഡ് ചാനലുകളുടേയും ഓവു ചാനലുകളുടേയും നിർമ്മാണം അതാതു പദ്ധതിയിലെ ആയക്കെട്ട് പ്രദേശത്തെ കർഷക സമിതികൾ മുഖേനയാണ് നടപ്പിലാക്കുന്നത്. ഫീൽഡ് ചാനലുകളുടേയും ഓവു ചാനലുകളുടേയും നിർമ്മാണത്തിനു ശേഷം അവ അതാതു ഉപഭോക്തൃ കർഷക സമിതികൾക്ക് കൈമാറുകയും ചെയ്യുന്നു. അവയുടെ സംരക്ഷണവും കേടുപാടു തീർക്കലും കർഷക സമിതികളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. |
| (ബി) ഫാം റോഡുകളുടെ നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നുണ്ടോ ; | (ബി) ഇല്ല. |
| (സി) 'കാഡ'യുടെ കീഴിൽ ഇപ്പോൾ നിലവിലുള്ള പ്രോജക്ടുകൾ ഏതെല്ലാമാണ് ; | (സി) കാഞ്ഞിരപ്പുഴ, പഴശ്ശി, പെരിയാർവാലി, കല്ലട എന്നീ നാലു പദ്ധതികളാണ് ഇപ്പോൾ കാഡയുടെ കീഴിലുള്ളത്. |

(ഡി) 'കാഡ'യുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ?

(ഡി) കാഞ്ഞിരപ്പുഴ, പെരിയാർവാലി, എന്നീ പദ്ധതികളിലെ മൂന്നു ഡിസ്ട്രിബ്യൂട്ടറികളിൽ വീതം കാഡയുടെ പുതിയ കോംപണന്റുകളായ കനാലുകളുടെ പുനരുദ്ധാരണ പ്രവർത്തികൾ (system correction) ഏറ്റെടുത്ത് നിലവിലുള്ള സിസ്റ്റത്തിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള പണികൾ നടത്തുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കമാന്റ് ഏരിയയിൽ വരുന്ന ഇറിഗേഷൻ ടാങ്കുകളുടെ പുനരുദ്ധാരണ പ്രവർത്തികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച പ്രകാരം പാലക്കാട് ജില്ലയിലും പത്തനംതിട്ട ജില്ലയിലും നടന്നു വരുന്നു. കാഡ നടപ്പിലാക്കുന്ന അഗ്രികൾച്ചറൽ പദ്ധതികളായ അഡാപ്റ്റീവ് ട്രയൽ, ഡെമോൺസ്ട്രേഷൻ, പരിശീലന പരിപാടികൾ എന്നിവ സോഫ്റ്റ് വെയർ വിഭാഗത്തിൽപ്പെടുത്തി പരിഷ്കരിച്ചിട്ടുണ്ട്. ഒന്നാം ഘട്ടം പൂർത്തിയാക്കിയ 12 പദ്ധതികളിൽ കൂടി ഇപ്പോഴത്തെ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്ന പുതിയകോംപണന്റുകൾ നടപ്പിലാക്കാനുള്ള കേന്ദ്ര ഗവൺമെന്റ് അംഗീകാരം ആവശ്യപ്പെടുന്നതാണ്. ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ, റിക്ലമേഷൻ എന്നീ ജോലികൾ തീർന്നതായ 12 ജലസേചന പദ്ധതികളിലും നടന്നു കൊണ്ടിരിക്കുന്ന 4 പദ്ധതികളിലും പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ മാനേജ്മെന്റ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഹെക്ടർ ഒന്നിന് അനുവദിച്ച സാമ്പത്തിക നിരക്കുകൾ പുതുക്കുകയും വാട്ടർ യൂസേഴ്സ് അസോസിയേഷൻ രൂപീകരിച്ച് കോൺട്രിബ്യൂഷൻ നിഷ്കർഷിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ– 521

29.3.2007-ൽ മറുപടിക്ക്

**അന്തർ സംസ്ഥാന സർവ്വീസുകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.എം.ഹംസ<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.ബാബു.എം.പാലിശ്ശേരി | ശ്രീ.മാത്യു.ടി.തോമസ്<br>(ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കെ.എസ്.ആർ.ടി.സി ഇപ്പോൾ എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ; | എ) കെ.എസ്.ആർ.ടി.സി നിലവിൽ തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലേക്ക് 258 അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട്. യൂണിറ്റ് തിരിച്ചുള്ള സർവ്വീസുകൾ താഴെ പറയുന്ന പ്രകാരമാണ്. |

തുടർച്ച.....2

521
1

| | |
|---|---|
| തിരുവനന്തപുരം സെൻട്രൽ | 43 |
| ആലപ്പുഴ | 2 |
| ആലുവ | 1 |
| ചങ്ങനാശ്ശേരി | 2 |
| ചേർത്തല | 2 |
| ചിറ്റൂർ | 10 |
| എറണാകുളം | 9 |
| ഈരാറ്റുപേട്ട | 1 |
| ഗുരുവായൂർ | 2 |
| കൊല്ലം | 6 |
| കണ്ണൂർ | 22 |
| കോട്ടയം | 5 |
| കൊട്ടാരക്കര | 12 |
| കായംകുളം | 1 |
| മലപ്പുറം | 2 |
| മൂന്നാർ | 7 |
| മാവേലിക്കര | 1 |
| നെയ്യാറ്റിൻകര | 11 |
| പാലക്കാട് | 24 |
| പുനലൂർ | 3 |
| പൊന്നാനി | 1 |
| പാറശ്ശാല | 1 |
| പത്തനംതിട്ട | 2 |
| സുൽത്താൻബത്തേരി | 16 |
| തൃശ്ശൂർ | 13 |
| താമരശ്ശേരി | 2 |
| തിരുവല്ല | 2 |
| പാല | 1 |
| മാനന്തവാടി | 9 |
| പയ്യന്നൂർ | 3 |
| കോഴിക്കോട് | 14 |
| കാസർഗോഡ് | 28 |

തുടർച്ച.........3

ബി) അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നതിന് മറ്റു സംസ്ഥാനങ്ങളുമായി എന്തെങ്കിലും കരാർ നിലവിലുണ്ടോ;

ബി) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്നതിന് തമിഴ്നാടുമായും കർണ്ണാടകയുമായും ഗവൺമെൻറ്തല അന്തർ സംസ്ഥാന കരാറുകൾ നിലവിലുണ്ട്.

തമിഴ്നാടുമായി 1976-ലെ കരാറും 1979, 1984, 1995 1999 എന്നീ വർഷങ്ങളിലെ സപ്ളിമെൻറൽ എഗ്രിമെൻറും നിലവിലുണ്ട്. കർണ്ണാടകവുമായി 1976-ലെ കരാറും, 1992, 1998 എന്നീ വർഷങ്ങളിലെ സപ്ളിമെൻറൽ എഗ്രിമെൻറും നിലവിലുണ്ട്.

സി) എങ്കിൽ കരാർ വ്യവസ്ഥകൾ എന്തെല്ലാമാണ്; സംസ്ഥാനത്തിനകത്ത് നടത്തുന്ന സർവ്വീസുകളുമായി താരതമ്യം ചെയ്യുമ്പോൾ അന്തർ സംസ്ഥാന സർവ്വീസ് ലാഭകരമാണോ എന്ന് വിശദമാക്കുമോ;

സി) കരാറിൽ ഇരു സംസ്ഥാനങ്ങളിലേയും ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്ക് എതിർ സംസ്ഥാനത്തേക്ക് നടത്താവുന്ന സർവ്വീസുകൾ, അവിടെ ഓടാവുന്ന ദൂരം, കൃത്യമായ റൂട്ടുകൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകളുണ്ട്. കരാറുകളിൽ പരസ്പരം ഓടാവുന്ന ദൂരം തുല്യമായി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിനകത്തു നടത്തുന്ന സർവ്വീസുകളുമായി അന്തർ സംസ്ഥാന സർവ്വീസുകളുടെ വരുമാനം താരതമ്യം ചെയ്തിട്ടില്ല. കി.മീറ്ററിന് ഏറ്റവും കുറഞ്ഞത് 26 രൂപ 38 പൈസ ലഭിച്ചാൽ മാത്രമേ ലാഭനഷ്ടമില്ലാതെ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ കഴിയൂ. ഇപ്രകാരം നോക്കുമ്പോൾ അന്തർ സംസ്ഥാന സർവ്വീസുകളിൽ ബഹുഭൂരിപക്ഷത്തിന്റെയും വരുമാനം കി.മീറ്ററിന് 26 രൂപ 38 പൈസയിൽ താഴെയാണ്. ഇവയുടെ ശരാശരി വരുമാനം കി.മീറ്ററിന് 22 രൂപ 62 പൈസയാണ്.

5ൻ
3

ഡി) കൂടുതലായി അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ?

ഡി) പുതിയ അന്തർ സംസ്ഥാന കരാർ ഒപ്പിടുന്ന അവസരത്തിൽ ഇത് സംബന്ധിച്ചുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ- 522

29.3.2007-ൽ മറുപടിക്ക്

## വ്യാജ വാഹനാപകടങ്ങൾ സൃഷ്ടിക്കുന്ന മാഫിയ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.പി.ടി.എ റഹിം | ശ്രീ.മാത്യു.ടി.തോമസ്<br>(ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) വ്യാജ വാഹനാപകടങ്ങൾ സൃഷ്ടിച്ച് കെ.എസ്.ആർ.ടി.സി യിൽ നിന്നും പണം തട്ടുന്ന മാഫിയ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി കോർപ്പറേഷൻ എം.ഡി.അഭിപ്രായപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| ബി) ഇത്തരം എത്ര കേസുകൾ കോർപ്പറേഷൻെറ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്; അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | ബി) 2006 ഡിസംബർ മാസത്തെ അപകട വിവരങ്ങൾ പരിശോധിച്ചതിൽ ഇതിനകം ലഭ്യമായ കണക്കനുസരിച്ച് ഇത്തരത്തിലുള്ള 5 കേസ്സുകൾ കോർപ്പറേഷൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള കേസ്സുകളിന്മേൽ പുനരന്വേഷണം നടത്തുന്നതിന് ആവശ്യപ്പെടുന്നതാണ്. |
| സി) നിശ്ചിത കാലയളവിൽ യാതൊരു അപകടത്തിലും പെടാതെ വാഹനം ഓടിക്കുന്ന ഡ്രൈവർമാർക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന കാര്യം പരിഗണിക്കുമോ? | സി) ഇക്കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 523

29.3.2007 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സുധാകരൻ<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.എം.എ വാഹിദ്<br>ശ്രീ.എം മുരളി | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന പുരോഗതി പരിശോധിക്കുന്നുണ്ടോ; | (എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം ഇപ്പോൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ ഓരോ മാസത്തെയും പ്രവർത്തന റിപ്പോർട്ട് അടുത്തമാസം 10-ാം തീയതിക്കുമുമ്പ് Public Sector Restructuring & Internal Audit Board (RIAB) ൽ നൽകുന്നതിനും അതിന്മേലുള്ള റിയാബിന്റെ അവലോകന റിപ്പോർട്ട് 14-ാം തീയതിക്കു മുമ്പ് വ്യവസായ വകുപ്പ് മന്ത്രിയുടെ മുമ്പാകെ സമർപ്പിക്കുകയും ചെയ്തുവരുന്നു. ഈ റിപ്പോർട്ടുകൾ പരിശോധിച്ചതിനുശേഷം ഓരോ സ്ഥാപനങ്ങളുടേയും പ്രവർത്തനം മന്ത്രിതലത്തിലും, സെക്രട്ടറി തലത്തിലും അവലോകനം ചെയ്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. |
| (ബി) എങ്കിൽ എത്ര എണ്ണത്തിന്റെ പുരോഗതി പരിശോധിച്ചു; | (ബി) 2007 ജനുവരിയിൽ 40 കമ്പനികളുടെ പ്രവർത്തനം അവലോകനം ചെയ്തു. |
| (സി) ഇവയിൽ എത്രയെണ്ണം പുരോഗതി കൈവരിച്ചു. | (സി) 2007 ജനുവരി മാസം പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരമുള്ള ലാഭനഷ്ട കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) പുരോഗതി കൈവരിക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളുടെ പേരിൽ എന്തെല്ലാം നടപടികളെടുത്തു. | പുരോഗതി കൈവരിക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുമ്പോൾ പ്രവർത്തനങ്ങളിൽ വ്യക്തമായ ടാർജറ്റ് നൽകി അത് കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ അതാത് മാനേജിംഗ് ഡയറക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവുകളായ അതാത് |

മേഖലകളിൽ വൈദഗ്ദ്ധ്യം ഉള്ളവരെ തെരഞ്ഞെടുത്ത് നിയമിക്കുന്നതിന്റെ ഭാഗമായി Chemical, Electrical, Engineering & Textiles Sector ന് കീഴിലുള്ള കമ്പനികളിലും Kerala State Electronics Development Corporation Ltd ലും മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ഉടൻ പൂർത്തിയാകും

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നിർദ്ദേശം നൽകി എന്ന് വ്യക്തമാക്കുമോ?

(ഇ) ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ വായ്പകളുടെ പുന:ക്രമീകരണം, വളരെ അത്യാവശ്യമായ സാങ്കേതികവിദ്യയുടെ നവീകരണം, Manpower rationalization/redeployment, സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണം എന്നീ നടപടികളിലൂടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്

പ്രവർത്തന കരാർ സംവിധാനം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പരസ്പര സഹകരണം, കാര്യക്ഷമത വർദ്ധിപ്പിക്കൽ, സുതാര്യവും മെച്ചപ്പെട്ടതുമായ കമ്പനി ഭരണ നിർവ്വഹണം എന്നിവ അടിസ്ഥാനമാക്കിയുള്ള സമഗ്രമായ വ്യവസായ നയം അടിസ്ഥാനമാക്കി പൊതുമേഖലാ സ്ഥാപനങ്ങളെ മത്സര [illegible]ക്ഷമതയുള്ളതാക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതുപ്രകാരം കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവുകളായി അതാത് മേഖലകളിൽ വൈദഗ്ദ്ധ്യം ഉള്ളവരെ തെരഞ്ഞെടുത്ത് നിയമിക്കുന്നതിനായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും, വ്യവസായ വകുപ്പ് സെക്രട്ടറിയും, ഒരു മാനേജ്മെന്റ് വിദഗ്ദ്ധനും, രണ്ട് സബ്ജക്ട് എക്സ്പെർട്ടുകളേയും, ഉൾപ്പെടുത്തിക്കൊണ്ട് ഒരു സെലക്ഷൻ കമ്മിറ്റി G.O.(Ms) No.72/2006/Ind dated 15.7.2006 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറിയാണ് കൺവീനർ. ഇതിൻ പ്രകാരം Chemical & Electrical sector ന് കീഴിലുള്ള കമ്പനികളിലും Kerala State Electronics Development Corporation Limited ലും മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു

3 :

പല പൊതുമേഖലാ സ്ഥാപനങ്ങളും ബാങ്കുകളിൽ നിന്നും എടുത്ത ഹ്രസ്വകാല ദീർഘകാല വായ്പകൾ തിരിച്ചടയ്ക്കാതെ വളരെയധികം കുടിശ്ശിക വരുത്തിയിട്ടുള്ളതായി സർക്കാർ മനസ്സിലാക്കിയിട്ടുണ്ട്. ഇത് പല സ്ഥാപനങ്ങളുടേയും ബാങ്കുകളുമായുള്ള പ്രവർത്തനം നിലച്ചുപോകുന്നതിന് കാരണമായിട്ടുണ്ട്. ഇക്കാരണങ്ങളാൽ കമ്പനികൾക്ക് ബാങ്കുകളിൽ നിന്നുമുള്ള പ്രവർത്തന മൂലധനത്തിനായി അഭാവം നേരിടുകയും ബി.ഐ.എഫ്.ആറിന്റെ തീരുമാനപ്രകാരം നവീകരണ പദ്ധതികൾ രൂപീകരിക്കുന്നതിൽ ബാങ്കുകളുടെ സഹകരണം ലഭ്യമാകാത്ത അവസ്ഥയിലുമെത്തിച്ചേർന്നു. പല പൊതുമേഖലാ സ്ഥാപനങ്ങളുടേയും പ്രവർത്തനം നിലയ്ക്കുന്ന സാഹചര്യത്തിലാണ് പൊതുമേഖലാ സ്ഥാപനങ്ങളും, ബാങ്കുകളുമായുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി കേരളത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രമുഖ ബാങ്കുകളുടെ ഉദ്യോഗസ്ഥർ അംഗങ്ങളായുള്ള ഒരു കമ്മിറ്റി വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും, റിയാബിന്റെ സെക്രട്ടറി കൺവീനറുമായി രൂപീകരിച്ചിട്ടുമുണ്ട്

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ പരസ്പരം വിപണനം നടത്തുവാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ഇത് അവലോകനം ചെയ്യുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും കമ്പനികൾക്ക് ഓർഡറുകൾ ലഭിക്കുന്നതിനുള്ള കരാറിന്മേൽ തീരുമാനമായിട്ടുണ്ട്. ഇതിന്റെ ഫലമായി United Electrical Industries ന് KSEB- ൽ നിന്നും ഓർഡറുകൾ ലഭിക്കുകയും. അതിന്റെ പ്രവർത്തനം മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി ചാർജ്ജിന്മേൽ കുടിശ്ശികവരുത്തിയതിനാൽ കണക്ഷൻ വിച്ഛേദിച്ച സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുന്നതിനും തീരുമാനമായിട്ടുണ്ട്.

KSDP ക്ക് ആരോഗ്യ വകുപ്പിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കി. പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിനുവേണ്ടി 3 കോടി രൂപ ഈ വർഷം ധന സഹായം നൽകിയിട്ടുണ്ട്.

KSEDC യുടെ പുനരുദ്ധാരണത്തിനായി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ജി.ഒ.(എം.എസ്) നം.30/2007/ഐ.ഡി. തീയതി 12.3.2007 പ്രകാരം തുക അനുവദിച്ചിട്ടുമുണ്ട്

Kerala State Textile Corporation Limited ന്റെ യൂണിറ്റുകളായ Kottayam Textiles, Prabhuram Mills, Edarikode Textiles, Malabar Spinning & Weaving Mills എന്നിവയുടെ നവീകരണത്തിനായി 2211.66 ലക്ഷം രൂപ ചെലവ് വരുന്ന ഒരു പുനരുദ്ധാരണ പദ്ധതിയാണ് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. ഇത് ഇപ്പോൾ ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡിനെ NTPC യുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. KELTEC, SIFL, KELTRON units, എന്നീ കമ്പനികൾക്ക് VSSC യിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ ഇൻഡ്യൻ റയിൽവേയുമായി നടത്തിയ ചർച്ചയുടെ ഫലമായി ഇപ്പോൾ പ്രഖ്യാപിച്ച 2007-08ലെ റയിൽവേ ബഡ്ജറ്റിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ Steel Industrials Kerala Limited മായി ചേർന്നുള്ള സംയുക്ത സംരംഭമായി റയിൽവേ വാഗണുകൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. Steel Industrials Kerala Limited ന്റെ ചേർത്തലയിലുള്ള Steel Fabrication യൂണിറ്റിന്റെയും സബ്സിഡിയറി കമ്പനിയായ ചേർത്തലയിലുള്ള Autokast Limited ന്റെയും സൗകര്യങ്ങൾ ഇതിനായി ഉപയോഗിക്കുന്നതാണ്.

മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കുറച്ചുകൂടി സമയം ആവശ്യമായതിനാലും ബാങ്കുകളുടെ സഹായം തുടർച്ചയായി ലഭിക്കുന്നതിനുമായി കൺസോർഷ്യം ബാങ്കുകളുമായി ബാധ്യതകൾ തീർപ്പാക്കുന്നതിനുള്ള (ഒറ്റത്തവണ തീർപ്പാക്കൽ നടത്തുന്നതിനായി 10.68 കോടിയിൽ തീർപ്പാക്കുന്നതിനുള്ള പ്രൊപ്പോസലാണ് ബാങ്കിന് സമർപ്പിച്ചത്) ആദ്യ ഗഡുവായി 3 കോടി രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള Autokast Ltd ന്റെ പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. Steel Industries Kerala Ltd. ന്റെ ധനകാര്യ സ്ഥാപനങ്ങളുമായുള്ള കടം തീർപ്പാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു.

5 :

Kerala State Electronics Development Corporation Limited. KELTEC, SIFL, KEL എന്നീ സ്ഥാപനങ്ങൾക്ക് കേന്ദ്ര പ്രതിരോധവകുപ്പിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. KELTEC നെ പ്രതിരോധ വകുപ്പ് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

Steel Complex Ltd ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ Steel Authority of India Ltd. (SAIL) യിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. Steel Complex Ltd ന്റെ പുനരുദ്ധാരണത്തിനായി 17 കോടി രൂപ വേണ്ടിവരുന്ന ഒരു പുനരുദ്ധാരണ പദ്ധതിയാണ് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നത്. State Bank of India ക്ക് കൊടുത്തു തീർക്കുവാനുള്ള കുടിശ്ശിക 7.87 കോടി രൂപയിൽ തീർപ്പാക്കുന്നതിനും ആദ്യ ഗഡുവായ 2 കോടി രൂപ 31.3.07 നു മുൻപ് കൊടുക്കുവാനും സർക്കാർ തീരുമാനമായിട്ടുണ്ട്. ബാക്കി തുകയുടെ പലിശ (6% നിരക്കിൽ) കമ്പനി തന്നെ വഹിക്കേണ്ടതാണെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

Keltron Counters Limited ന്റെ ആസ്തികളും ബാധ്യതകളും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനായി ഹോൾഡിംഗ് കമ്പനിയായ Kerala State Electronics Development Corporation (KSEDC) നോട് നിർദ്ദേശിച്ചിട്ടുണ്ട്. Trivandrum Spinning Mills ലെ സൗകര്യങ്ങൾ Kerala State Textile Corporation നു വേണ്ടി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ പ്രവർത്തനം നിർത്തലാക്കിയിരുന്ന Kerla State Textile Corporation ന്റെ യൂണിറ്റായ Malabar Spinning and Weaving Mills പ്രവർത്തനം ആരംഭിക്കുന്നതിനായി തുറക്കുകയുണ്ടായി.

കമ്പനികളുടെ ആഡിറ്റുകൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും, കമ്പനികളുടെ ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും, ഡയറക്ടർ ബോർഡുകളിൽ അതാത് മേഖലകളിലെ വിദഗ്ദ്ധൻമാരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6 :

പൊതുമേഖലാ സ്ഥാപനങ്ങളുടെ അധികമുള്ള ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലം സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നു.

കൂടാതെ പ്രോവിഡന്റ് ഫണ്ട് കുടിശ്ശികയുടെ കാര്യത്തിൽ തീർപ്പുണ്ടാക്കുന്നതിനായി പ്രോവിഡന്റ് ഫണ്ട് ഉദ്യോഗസ്ഥരുമായി ചർച്ചനടത്തുകയും പരിമിതമായ സർക്കാർ ധനസഹായത്തോടുകൂടി ഇത് തീർപ്പാക്കുന്നതിനായി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

കമ്പനികളുടെ പി എഫ് കുടിശ്ശിക (Employees Share only) അടച്ചുതീർക്കുന്നതിനുള്ള സർക്കാർ സഹായമായി 254.30 ലക്ഷം രൂപയും വിരമിച്ച ജീവനക്കാർക്കുള്ള അനുകൂല്യവിതരണത്തിൽ 11.15 കോടി രൂപയും, KSEB ക്കുള്ള കുടിശ്ശിക തീർക്കുന്നതിനായി Steel Industrials Kerala Limited ന് 50 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

കൂടാതെ Autokast, TRACO Cable Company, Steel Industrials Kerala Limited, Travancore Cements, United Electrical Industries, Kerala Electrical & Allied Engineering Company, KELPAM എന്നി സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനമായി 13.85 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ എഫിഷ്യൻസിയും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളുമായി മത്സരക്ഷമതയുള്ളതാക്കുന്നതിനുമായി 2006-07 മുതൽ മെറിറ്റിന്റേയും, പ്രകടനത്തിന്റേയും അടിസ്ഥാനത്തിൽ ഏറ്റവും നല്ല പൊതുമേഖലാ സ്ഥാപനത്തിനും ചീഫ് എക്സിക്യൂട്ടീവിനും അവാർഡ് നൽകുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## Performance Report as at the end of January, 2007

### PROFIT MAKING UNITS

(Rs. in lakhs)

| Sl. No | COMPANY | TURNOVER [illegible] | | PROFIT / LOSS | |
|---|---|---|---|---|---|
| | | 2005-06 | 2006-07 | 2005-06 | 2006-07 |
| 1 | Malabar Cements Ltd | 14,573.41 | 14,045.35 | 1,048.05 | 1,653.25 |
| 2 | The Kerala Minerals and Metals Ltd. | 22,077.65 | 24,218.23 | 2,245.92 | 1,161.62 |
| 3 | Travancore Titanium Products Ltd | 10,681.52 | 8,877.10 | -114.58 | 699.81 |
| 4 | Travancore-Cochin Chemicals Ltd | 9,074.75 | 10,255.47 | 412.53 | 671.96 |
| 5 | Steel and Industrial Forgings | 2,737.99 | 3,219.01 | 257.48 | 194.78 |
| 6 | Transformers and Electricals Kerala Ltd | 7,203.39 | 9,525.62 | -631.00 | 90.10 |
| 7 | Kerala Hitech Industries Ltd | 0.00 | 762.05 | 0.00 | 70.72 |
| 8 | The Kerala Ceramics Ltd | 181.15 | 802.68 | -73.56 | 65.71 |
| 9 | Travancore Sugars & Chemicals Ltd | 575.57 | 542.70 | 62.68 | 52.98 |
| 10 | Kerala Clays & Ceramic Products Ltd. | 302.09 | 344.48 | 15.77 | 50.81 |
| 11 | Steel Complex Ltd | 393.62 | 453.74 | -89.52 | 50.53 |
| 12 | Kerala Electrical & Allied Engineering Company Ltd | 4,017.45 | 5,988.80 | -231.27 | 48.19 |
| 13 | United Electrical Industries Ltd. | 367.71 | 1,079.77 | -233.71 | 46.73 |
| 14 | Kerala State Textile Corporation Ltd | 2,913.43 | 3,105.18 | 209.48 | 40.11 |
| 15 | Handicrafts Development Corporation (Kerala) Ltd | 0.00 | 900.08 | 0.00 | 24.95 |
| 16 | Forest Industries (Travancore) Ltd | 0.00 | 365.03 | 0.00 | 17.55 |
| 17 | Kerala State Palmyrah Products Development and wor | 4.45 | 5.70 | -13.45 | 6.95 |
| 18 | The Metal Industries | 0.00 | 171.91 | 0.00 | 5.23 |
| 19 | The Malappuram Co-operative Spinning Mills Ltd | 1,687.04 | 1,916.98 | -14.40 | 2.10 |
| | **TOTAL** | **76,791.22** | **86,579.88** | **2,850.42** | **4,954.08** |

Source : Company  Note :Value "0.00" indicates the non-availability of report

## Performance Report as at the end of January, 2007

### LOSS INCURRING UNITS

(Rs. in lakhs)

| Sl. No | COMPANY | TURNOVER (without taxes and duties) | | PROFIT / LOSS | |
|---|---|---|---|---|---|
| | | 2005-06 | 2006-07 | 2005-06 | 2006-07 |
| 1 | Kerala State Electronic Development Corporation Ltd | 7,327.58 | 8,537.24 | -3,511.97 | -4,113.74 |
| 2 | Kerala State Handlooom Development Corporation Lt | 1,106.01 | 1,420.59 | -440.95 | -429.25 |
| 3 | HANTEX | 899.89 | 1,279.89 | -375.08 | -323.54 |
| 4 | Autokast Ltd | 1,047.29 | 951.50 | -139.08 | -264.92 |
| 5 | The Quilon Co-operative Spinning Mills Ltd | 612.49 | 460.93 | -288.90 | -264.49 |
| 6 | Steel Industrials Kerala Ltd | 894.33 | 863.74 | -413.61 | -252.80 |
| 7 | Keltron Crystals Ltd | 88.53 | 76.42 | -188.93 | -227.25 |
| 8 | The Cannannore Co-op.Spinning Mills Ltd | 0.00 | 943.88 | 0.00 | -205.90 |
| 9 | Traco Cable Company Ltd | 2,941.17 | 4,169.70 | -223.06 | -196.22 |
| 10 | The Trichur Co-operative Spinning Mills Ltd. | 980.61 | 1,049.34 | -98.73 | -152.32 |
| 11 | Kerala State Bamboo Corporation Ltd. | 0.00 | 745.63 | 0.00 | -147.49 |
| 12 | The Travancore Cements Ltd | 0.00 | 1,852.00 | 0.00 | -147.00 |
| 13 | Kerala State Drugs & Pharmaceuticals Ltd | 0.00 | 156.69 | 0.00 | -144.18 |
| 14 | Sitaram Textiles Ltd | 516.44 | 561.61 | -87.55 | -99.23 |
| 15 | Alleppey Co-operative Spinning Mills | 0.00 | 313.39 | 0.00 | -88.65 |
| 16 | Keltron Component Complex Ltd | 1,638.40 | 1,487.18 | -94.74 | -71.12 |
| 17 | Keltron Electro Ceramics Ltd | 193.32 | 207.30 | -62.46 | -66.80 |
| 18 | Kerala Automobiles Ltd | 0.00 | 2,632.88 | 0.00 | -65.92 |
| 19 | Kerala Garments Ltd. | 22.42 | 25.37 | -41.99 | -37.87 |
| 20 | Keltron Resistors Ltd | 80.96 | 100.43 | -52.94 | -36.85 |
| 21 | Keltron Magnetics Ltd | 272.11 | 322.85 | -22.76 | -33.57 |
| | **TOTAL** | **18,621.55** | **28,158.56** | **-6,042.75** | **-7,369.11** |

Source : Company    Note : Value "0.00" indicates the non-availability of report

# പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം.നം. 524 | 29.03.2007-ൽ മറുപടിയ്ക്ക് |
|---|---|

### *ഹൃദ്രോഗ ചികിത്സയ്ക്കായി നടപടികൾ*

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. സി.എം.ദിനേശ്മണി<br>ശ്രീ. അൽഫോൻസ് കണ്ണന്താനം<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എം.എം. മോനായി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് ഹൃദ്രോഗികളുടെ എണ്ണം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | ഇതു പരിഗണിച്ച് ഹൃദ്രോഗ ചികിത്സക്കായി സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ: | ബി | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി | എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | സി) | കോട്ടയം മെഡിക്കൽ കോളേജ് കാത്ത്ലാബ്. കാർഡിയോ തെറാപിക് സെൻറർ, കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് .വഴി ട്രെഡ്മിൽ സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഹൃദ്രോഗ വിഭാഗം മൂന്ന് യൂണിറ്റുകളായി പ്രവർത്തിച്ച് 3 ദിവസങ്ങളിലായി ഒ.പി. നടത്തി വരുന്നുണ്ട്. കൂടാതെ എച്ച്.ഡി.എസ്. മുഖാന്തിരം ഹൃദ്രോഗ നിർണ്ണയത്തിനായി റ്റി.എം.റ്റി, എക്കോ., തുടങ്ങിയ പരിശോധനകളും കെ.എച്ച്.ആർ.ഡബ്ല്യൂ. എസ്. മുഖേന കാത്ത്ലാബും പ്രവർത്തിക്കുന്നുണ്ട്.<br><br>ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ആശുപത്രികളിലും ഹൃദ്രോഗ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ ഹൃദ്രോഗികൾക്കായുള്ള റുമാറ്റിക് ഹെൽത്ത് ക്ലിനിക്കിൻെറ സേവനം ലഭ്യമാണ്. പാലക്കാട് ജില്ലയിൽ പാലക്കാട് ജില്ലാ ആശുപത്രിയിൽ |

| | | | |
|---|---|---|---|
| | | | കാർഡിയോളജി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറായിവരുന്നു. വയനാട് ജില്ലയിൽ മാനന്തവാടി ജില്ലാ ആശുപത്രിയിൽ പുതുതായി ഇൻറൻസീവ് കെയർ യൂണിറ്റ് സൗകര്യം ഒരുക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഇൻസൻറീവ് കൊറോണറി കെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ഡി) | സൗജന്യ ഹൃദ്രോഗ പരിശോധനയ്ക്കും ബോധവൽക്കരണത്തിനുമായി ക്യാമ്പുകൾ സംഘടിപ്പിക്കുമോ? | ഡി | ക്യാമ്പുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം 525 | 29.03.2007-ൽ മറുപടിക്ക് |

## സ്റ്റേഷനറി വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. കെ.ടി. ജലീൽ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | | ശ്രീ. മാത്യു ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സർക്കാർ ഓഫീസുകളുടെ ആവശ്യത്തിനായി സ്റ്റേഷനറി വകുപ്പ് സാധനങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമം എന്താണ് ; | (എ) | സർക്കാരിന്റെ വിവിധ വകുപ്പുകളിലേയ്ക്ക് ഓരോ വർഷവും ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ എത്രയെന്ന് മുൻകൂർ നിശ്ചയിച്ച് സ്റ്റോർസ് പർച്ചേയ്സ് മാനുവലിലെ നിബന്ധനകൾക്കനുസൃതമായി ദർഘാസ് ക്ഷണിച്ചും, ഡി.ജി.എസ്. & ഡി റേറ്റ് കോൺട്രാക്ട്, ക്വട്ടേഷൻ, ലിമിറ്റഡ് ടെൻഡർ എന്നിവ മുഖേനയുമാണ് സാധനങ്ങൾ വാങ്ങുന്നത്. |

| | |
|---|---|
| (ബി) സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വാങ്ങുന്നതിന് മുൻഗണന നൽകുന്നുണ്ടോ ;<br><br>(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വാങ്ങുന്ന കാര്യത്തിൽ പ്രത്യേക പരിഗണന നൽകുന്നുണ്ടോ ; | (ബി) യും (സി) യും സംസ്ഥാനത്തിനകത്ത് പൊതുമേഖലയിലും അല്ലാതെയുമുള്ള സ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ വാങ്ങുന്നതിന് പ്രത്യേക പരിഗണനയോ മുൻഗണനയോ ഇപ്പോൾ നൽകുന്നില്ല. എന്നാൽ 13.10.2005-ലെ 448/2005/ധന. നമ്പർ ഉത്തരവിലെ വ്യവസ്ഥയനുസരിച്ചുള്ള ആനുകൂല്യങ്ങൾ എസ്.എസ്.ഐ. യൂണിറ്റുകൾക്കും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്കും നൽകി വരുന്നുണ്ട്. |
| (ഡി) ഓഫീസ് നവീകരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടറുകൾ വ്യാപകമായിട്ടുള്ള സാഹചര്യത്തിൽ എത്ര ടൈപ്പ്റൈറ്ററുകൾ ഉപയോഗിക്കപ്പെടാതെയുണ്ട് എന്ന് വെളിപ്പെടുത്തുമോ ; | (ഡി) വിവിധ ഓഫീസുകളിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് 52 എണ്ണം |
| (ഇ) കമ്പ്യൂട്ടർവൽക്കരണത്തെത്തുടർന്ന് ഓഫീസുകളിൽ ഉപയോഗിക്കപ്പെടാതെയിരിക്കുന്ന ടൈപ്പ്റൈറ്ററുകൾ തിരികെ വാങ്ങി ആവശ്യക്കാർക്ക് നൽകുന്നതിനോ ലേലം ചെയ്യുന്നതിനോ നടപടി സ്വീകരിക്കുമോ ; | (ഇ) നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (എഫ്) നടപ്പു വർഷം പുതുതായി ടൈപ്പ്റൈറ്ററുകൾ വാങ്ങിയിട്ടുണ്ടോ ; | (എഫ്) ഉണ്ട്. |

(ജി) സ്റ്റേഷനറി സാധനങ്ങളുടെ ഉപയോഗത്തിൽ മിതത്വം പാലിക്കുന്നതിന് സ്റ്റേഷനറി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

(ജി) സ്റ്റേഷനറി വകുപ്പിലെ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻമാർ കാലാകാലങ്ങളിൽ ഓരോ ഓഫീസുകളിലേയ്ക്കും വിതരണം ചെയ്ത സാധനങ്ങളുടെ സ്റ്റോക്കും കണക്കും പരിശോധിച്ച് അപാകതകൾ കണ്ടുപിടിക്കുകയും സ്റ്റേഷനറി സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിനും ഉപയോഗത്തിൽ മിതത്വം പാലിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമുള്ള<br>നിയമസഭാചോദ്യം നമ്പർ-526. | 29.3.2007ൽ<br>മറുപടിക്ക് |

## മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.അബ്ദുറബ്ബ്<br>ശ്രീ.എം.ഉമ്മർ | | ശ്രീ.എളമരം കരീം<br>ബഹു.വ്യവസായ വകുപ്പ് മന്ത്രി | |
| എ) | സംസ്ഥാനത്ത് മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെ പ്രവർത്തനഫലമായി കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഖനനം നടത്തി കണ്ടുപിടിച്ച ധാതു സമ്പത്തുകൾ എന്തെല്ലാമാണ്; | എ) | മൈനിങ് ആൻഡ് ജിയോളജി വകുപ്പ് കഴിഞ്ഞ രണ്ട് സാമ്പത്തികവർഷങ്ങളിലായി തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് ജില്ലകളിലുള്ള ഉയർന്ന നിലവാരമുള്ള ചീനകളിമൺ നിക്ഷേപങ്ങൾ ഖനനം നടത്തികണ്ടുപിടിച്ചിട്ടുണ്ട് |

-----------------------------

| | | | |
|---|---|---|---|
| ബി | ഇവ എവിടെയെല്ലാം, ഏത് അളവിൽ ലഭ്യമാണെന്ന കാര്യം വെളിപ്പെടുത്തുമോ ; | ബി | കാസർഗോഡ് ജില്ലയിലെ മിയാപദവ് പ്രദേശത്ത് 20 ബോർഹോളുകളിലായി ശരാശരി 15.5 മീറ്റർ കനത്തിൽ 24.80 മില്ല്യൺ ടണ്ണും എരിക്കുളത്ത് 0.8 സ്ക്വയർ കിലോമീറ്റർ പ്രദേശത്ത് 20 ബോർഹോളുകളിലായി ശരാശരി 15 മീറ്റർ കനത്തിൽ 24 മില്ല്യൺ ടണ്ണും ചീനകളിമൺ ശേഖരം തിട്ടപ്പെടുത്തുകയുണ്ടായി. കാസർഗോഡ് ജില്ലയിൽ കാഞ്ഞിരപൊയിൽ പ്രദേശത്ത് 7 മുതൽ 19.5 മീറ്റർ കനത്തിൽ വെരിഗേറ്റഡ് കളിമണ്ണ് കണ്ടെത്തുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ കരിന്തളം പ്രദേശത്ത് 50 ഏക്കർ സ്ഥലത്തായി ശരാശരി 7.4 മീറ്റർ കനത്തിൽ 5.2 മില്ല്യൺ ടൺ ഫെറുജിനസ് ബോക്സൈറ്റും ശരാശരി 12.2 മീറ്റർ കനത്തിൽ 0.8 മില്ല്യൺ ടൺ വെരിഗേറ്റഡ് കളിമണ്ണും ഉള്ളതായി കണ്ടെത്തി. തിരുവനന്തപുരം ജില്ലയിൽ അണ്ടൂർകോണം അയിരൂർപാറ വില്ലേജിലെ തുണ്ടത്തിൽ പ്രദേശത്ത് മൂന്ന് ബോർഹോളുകളിലായി 55.5 മീറ്റർ കുഴിച്ചപ്പോൾ 8 മീറ്റർ കനത്തിൽ കളിമൺ ശേഖരം ഉള്ളതായും കണ്ടെത്തിയിട്ടുണ്ട് |

| | | | |
|---|---|---|---|
| സി | ഏതെല്ലാം ധാതു സമ്പത്തുകളുടെ സംസ്ക്കരണമാണ് ഈ ഡിപ്പാർട്ടുമെൻറ് ശുപാർശ ചെയ്തിട്ടുള്ളത് ; | സി | കാസർഗോഡ് ജില്ലയിൽ കരിന്തളം പ്രദേശത്ത് 50 ഏക്കർ സ്ഥലത്ത് അലുമിനിയം ലാറ്ററൈറ്റ് ധാതുഖനനം ചെയ്ത് വിപണനം നടത്തുന്നതിന് കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ പാപ്പിനിശ്ശേരിയിലെ കേരള ക്ലേയ്സ് ആൻഡ് സിറാമിക്സ് പ്രോഡക്റ്റ്സ് ലിമിറ്റഡിന് സംസ്ഥാന സർക്കാർ മൈനിങ് ലീസ് അനുവദിച്ചിട്ടുണ്ട്. കൂടാതെ പര്യവേഷണ ഫലമായി കാസർഗോഡ് ജില്ലയിലെ എുർക്കുളം പ്രദേശത്ത് മൈനിങ് ലീസിനുവേണ്ടി മെ.ആഷാപുര ലിമിറ്റഡ് , മുബൈ എന്ന സ്ഥാപനവും കേരള ക്ലേയ്സ് ആൻഡ് സിറാമിക്സ് പ്രോഡക്റ്റ്സ് എന്ന സ്ഥാപനവും അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| ഡി | ഈ ശുപാർശ അനുസരിച്ച് നടപടി സ്വീകരിച്ചാൽ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ? | | ഈ സർക്കാരിന് റോയൽറ്റി ഇനത്തിലും മറ്റ് നികുതിയിനത്തിലും സാമ്പത്തിക നേട്ടവും ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുമ്പോൾ നിരവധി തദ്ദേശവാസികൾക്ക് തൊഴിൽ സാദ്ധ്യതകളും പ്രദേശത്തിൻെറ വികസനവും സാദ്ധ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

| | |
|---|---|
| **നക്ഷത്രചിഹ്നമിട്ട** | 29.3.2007-ൽ |
| ചോദ്യം നം.527 | മറുപടിക്ക് |

## <u>രോഗപ്രതിരോധ കുത്തിവയ്പുകളെക്കുറിച്ച് ബോധവൽക്കരണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. പി. വിശ്വൻ<br>ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ. സാജു പോൾ<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കുട്ടികൾക്ക് ഏതെല്ലാം രോഗപ്രതിരോധ കുത്തിവയ്പുകളാണ് നൽകിവരുന്നത്; | എ) ദേശീയ രോഗ പ്രതിരോധ നടപടിയുടെ ഭാഗമായി ഓറൽ പോളിയോ വാക്സിൻ, ബി.സി.ജി., ഡി.പി.റ്റി, മീസിൽസ്, ഡി.ടി., റ്റി.റ്റി എന്നിവയാണ് സംസ്ഥാനത്ത് നൽകിവരുന്ന പ്രധാന പ്രതിരോധ വാക്സിനുകൾ. |
| ബി) ഇത്തരം കുത്തിവയ്പുകൾ കുട്ടികൾക്ക് മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കില്ലെന്ന് ഉറപ്പുവരുത്തിയതിന് ശേഷമാണോ നൽകുന്നത്; | ബി) ദേശീയ രോഗ പ്രതിരോധ പരിപാടിയുടെ ഭാഗമായി വാക്സിനുകളെല്ലാം തന്നെ കേന്ദ്ര സർക്കാരാണ് വാങ്ങി സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നത്. വിതരണ സംഭരണ പ്രക്രിയയിലുടനീളം ശീതശൃംഖലാ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഏറ്റവും കൂടുതൽ താപ സെൻസിറ്റിവിറ്റിയുള്ള ഓറൽ പോളിയോ വാക്സിന്റെ ഓരോ കുപ്പിയിലും വാക്സിൻ വയൽ മോണിറ്റർ പതിച്ചിട്ടുള്ളതിനാൽ ഓരോ കുപ്പിയുടേയും ഉപയോഗ്യത അറിയാമെന്നതിലൂടെ കൂടെ സൂക്ഷിച്ചിട്ടുള്ള മറ്റു വാക്സിനുകളും സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താൻ സാധിക്കും. |
| സി) അടുത്തകാലത്ത് വട്ടോളി ഹയർ സെക്കൻഡറി സ്കൂളിലെ രൂപീഷ എന്ന കുട്ടിയുടെ മരണം പ്രതിരോധ കുത്തിവയ്പുമൂലമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | സി) ഉണ്ട്. പ്രസ്തുത സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയ വിദഗ്ധ സമിതി രൂപീഷ എന്ന കുട്ടിയുടെ മരണം പ്രതിരോധ കുത്തിവെയ്പ് മൂലം അല്ല എന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. |
| ഡി) ഈ കുട്ടിയുടെ മരണത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ വിശദാംശം വെളിപ്പെടുത്തുമോ; | ഡി) "റെയ്സ് സിൻഡ്രോം' എന്ന അപൂർവ്വരോഗമാണ് മരണകാരണം എന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. |
| ഇ) രൂപീഷയുടെ മരണത്തിനുശേഷം പ്രതിരോധ കുത്തിവയ്പിന് എതിരെ പ്രചാരണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സാധാരണക്കാരുടെ ഭീതി അകറ്റാൻ | ഇ) രൂപീഷയുടെ മരണത്തിനുശേഷം പ്രതിരോധ കുത്തിവയ്പിന് എതിരെ പ്രചാരണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് രോഗപ്രതിരോധ കുത്തിവയ്പുകളെക്കുറിച്ചുള്ള |

| | |
|---|---|
| ആവശ്യമായ ബോധവൽക്കരണ പരിപാടി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | സാധാരണക്കാരുടെ ഭീതി അകറ്റാൻ ജില്ലാതലത്തിലും പഞ്ചായത്തുതലത്തിലും ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. ശാസ്ത്രീയമായ അടിസ്ഥാനത്തിൽ ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശ പ്രകാരം ഭാരതസർക്കാർ നടപ്പിലാക്കിവരുന്ന പരിപാടികളാണ് സാർവ്വത്രിക രോഗ പ്രതിരോധ നടപടിയും പൾസ് പോളിയോ പരിപാടിയുമെന്നും, ഇത് ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്ന ഒന്നല്ലെന്നും തന്റെ കുഞ്ഞിന്റേയും ഭാവി തലമുറയുടേയും ആരോഗ്യത്തിന് അത്യാവശ്യമാണ് എന്ന് മനസ്സിലാക്കി ഓരോ രക്ഷിതാവും സ്വയം നടപ്പിലാക്കേണ്ട പദ്ധതിയാണെന്നും ബോധവൽക്കരണം നടത്തിവരുന്നു. |

Bh. L. V

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 528 — 29.3.2007-ൽ മറുപടിക്ക്

ബസ് സ്റ്റേഷനുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.രാജു എബ്രഹാം | ശ്രീ.മാത്യു.ടി.തോമസ്<br>(ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കെ.എസ്.ആർ.ടി.സി യുടെ ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | എ) പരിഗണനയിലുണ്ട്. പദ്ധതികൾ എങ്ങനെ നടപ്പിലാക്കണമെന്ന് അന്തിമ തീരുമാനമായിട്ടില്ല. |
| ബി) ബസ് സ്റ്റേഷനുകളിൽ യാത്രക്കാർക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) നിലവിലുള്ള സംവിധാനങ്ങൾ അറ്റകുറ്റപണി ചെയ്ത് വൃത്തിയാക്കി പ്രവർത്തിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ തീരെ അപര്യാപ്തമായ ബസ് സ്റ്റേഷനുകളിൽ അവശ്യം വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| സി) സ്വകാര്യ വ്യക്തികൾ നടത്തുന്ന നന്നായി പരിപാലിക്കാത്ത മൂത്രപ്പുരകളുടേയും , കുളിമുറികളുടേയും കരാർ റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) കരാർ വ്യവസ്ഥകൾക്ക് വിധേയമായി കരാർ റദ്ദാക്കുന്ന നടപടിയുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| ഡി) ബസ് സ്റ്റേഷനുകളിലെ സ്ഥലം ആദായകരമായി ഉപയോഗിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ? | ഡി) കൂടുതൽ കച്ചവടക്കാരെ ആകർഷിക്കത്തക്ക വിധത്തിൽ വ്യവസ്ഥകൾ ഭേദഗതി ചെയ്യും, വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ പരമാവധി അതിനു വേണ്ടി ഉപയോഗിച്ചും കൂടുതൽ ടിക്കറ്റിതര വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 529 | 29/03/2007-ൽ മറുപടിക്ക്

വ്യവസായ സംരംഭകർക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ. | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പുമന്ത്രി) |
| (എ) ഓരോ ജില്ലയിലും ഏതെല്ലാം വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ട് എന്ന് പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഇതേക്കുറിച്ചുള്ള ഒരു പ്രത്യേക പഠനം ഇതുവരെ നടത്തിയിട്ടില്ല. പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) അസംസ്കൃത സാധനങ്ങളുടെ ലഭ്യത, മാനവശേഷി, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പരിശോധിച്ച് ഓരോ സംരംഭവും ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുമോ ; | (ബി) അസംസ്കൃത സാധനങ്ങളുടെ ലഭ്യത, മാനവശേഷി, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പരിഗണിച്ച് സ്ഥലം കണ്ടെത്താൻ ശ്രമിക്കുന്നതാണ്. |
| (സി) ഇങ്ങനെ കണ്ടെത്തുന്ന സ്ഥലങ്ങളിൽ വ്യവസായങ്ങൾ തുടങ്ങുവാൻ മുന്നോട്ടുവരുന്ന സംരംഭകർക്ക് സഹായം നൽകാൻ തയ്യാറാകുമോ ? | (സി) സഹായം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *530.

29-03-2007 -ൽ മറുപടിക്ക്

# കെൽട്രോൺ നവീകരണം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി :<br>ശ്രീ. കെ.കെ. ഷാജു : | ശ്രീ .എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കെൽട്രോണിന്റെ നവീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് എന്ന് വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെൽട്രോണിന്റെയും അനുബന്ധ കമ്പനികളുടെയും നവീകരണത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ മുഖ്യഘടകമായ എസ്.എം. റ്റി ഫെസിലിറ്റി, ഐ. എസ്. ആർ.ഒ -യുടെ ജോബ് വർക്സിനുവേണ്ടി വരുന്ന ടെസ്റ്റ് സെറ്റ് അപ്പ്, നേവിക്കു വേണ്ട ഉപകരണങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം എന്നിവ നടപ്പാക്കി വരുന്നു. ട്രാഫിക് സിഗ്നൽ രംഗത്ത് മുൻപന്തിയിലുള്ള കെൽട്രോൺ ഏറ്റവും പുതിയ ടെക്നോളജി ആയ ഏരിയ ട്രാഫിക് കൺട്രോൾ സിസ്റ്റത്തിനായി സി-ഡാക്കുമായി (C-DAC) ടെക്നോളജി ട്രാൻസ്ഫർ കരാറിൽ ഒപ്പുവച്ചു കഴിഞ്ഞു. ഐ.റ്റി.മേഖലയിലെ നവീകരണത്തിന്റെ ഭാഗമായി " എസ്.എ.പി. ഇൻഡ്യ " യുമായി കരാറിൽ ഒപ്പുവയ്ക്കുകയും കെൽട്രോണിലെ എഞ്ചിനിയർമാർ പരിശീലനം നേടി വരികയുമാണ്.<br><br>പ്രതിരോധവകുപ്പിന് ആവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിക്കുന്നതിന് സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളെക്കൂടി സഹകരിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ഡി.സി. ക്ക് പ്രതിരോധവകുപ്പിൽ നിന്നും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും അവയ്ക്കാവശ്യമുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സർക്കാർസ്വീകരിച്ചു വരുന്നു. |

കൂടാതെ കെൽട്രോണിന്റെയും കൂടി സഹകരണത്തോടുകൂടി കൊച്ചി കേന്ദ്രമാക്കി ഇലക്ട്രോണിക്സ് ഹാർഡ് വെയർ ഉൽപന്നങ്ങൾക്കായി ഒരു '' ഇലക്ട്രോണിക് ഹബ്" സ്ഥാപിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു.

കെൽട്രോണിന്റെയും അനുബന്ധ കമ്പനികളുടെയും പുനരുദ്ധാരണത്തിന്റെ ഭാഗമായി 12/3/2007 -ലെ ജി.ഒ. (എം.എസ്) നമ്പർ: 30/07/വ്യവ. ഉത്തരവ്പ്രകാരം കൺസോർഷ്യം ബാങ്കുകളുമായി ഒറ്റതവണ തീർപ്പാക്കൽ നടപ്പിലാക്കുന്നതിനായി സർക്കാർ 6 ( ആറ്) കോടി രൂപയും അനുബന്ധ കമ്പനികളുടെ നവീകരണത്തിനായി 4(നാലു) കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ഗുണനിലവാരം ഏറിയ ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഇന്ത്യയിലെ മികച്ച സ്ഥാപനമായി കെൽട്രോണിനെ മാറ്റുവാൻ പ്രത്യേക പഠനം നടത്തുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി) ഇലക്ട്രോണിക്സ് രംഗത്ത് ഇൻഡ്യയിൽ മുഖ്യധാരയിലുള്ള കെൽട്രോൺ ഇപ്പോൾ നിർമ്മിച്ചുനൽകുന്ന പ്രതിരോധ ഉല്പന്നങ്ങൾ, പവ്വർ പ്ലാന്റുകൾക്കാവശ്യമായ "ഹൈ റേറ്റിംഗ് യു.പി.എസ്", മുതലായവ കെൽട്രോണിന്റെ സാങ്കേതിക മികവുകൊണ്ട് മറ്റ് ഇലക്ട്രോണിക്സ് കമ്പനികളുമായി മത്സരിച്ചു കിട്ടുന്ന ഓർഡറുകളാണ്. കെൽട്രോണിനെ ഇനിയും ഉന്നതിയിലേയ്ക്കു നയിക്കുവാൻ സർക്കാർ പല പദ്ധതികളും ആവിഷ്കരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട | 29.3.07ൽ |
| ചോദ്യം നമ്പർ.531 | മറുപടിയ്ക്ക് |

വൃദ്ധസദനങ്ങളുടെ ശോചനീയാവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.കെ.പുരുഷോത്തമൻ:<br>ശ്രീ.രാജു എബ്രഹാം:<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ:<br>ശ്രീ.എസ്.രാജേന്ദ്രൻ: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വയോജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ജി.ഒ(എം.എസ്)നം.39/2006/സാക്ഷേവ തീയതി.5/12/2006 പ്രകാരം സംസ്ഥാന വയോജന നയം പ്രഖ്യാപിച്ചിട്ടുണ്ട്. നയ പ്രസ്താവനയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വൃദ്ധസദനങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) | സാമൂഹ്യക്ഷേമവകുപ്പിന്റെ നിയന്ത്രണത്തിൽ 15 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എം.ജി പിയിൽ ഉൾപ്പെടുത്തി വൃദ്ധസദനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും റിക്രിയേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കോഴിക്കോട് വൃദ്ധസദനം കോംപ്ലക്സിൽ പാർക്ക് നിർമ്മിക്കുന്നതിനുള്ള പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അന്തേവാസികളുടെ സംരക്ഷണ ചെലവിനായി പ്രതിമാസം 450 രൂപയും മരുന്ന്, വസ്ത്രം എന്നിവയ്ക്കായി പ്രതിവർഷം 150 രൂപയും അനുവദിക്കുന്നുണ്ട്. മേൽപ്പറഞ്ഞ വൃദ്ധസദനങ്ങൾ |

1

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാനേജിംഗ് കമ്മറ്റികൾ രൂപീകരിച്ച് സന്നദ്ധസംഘടനകളുടെ സഹായത്തോടെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വയോജനനയം നടപ്പിലാക്കുന്നതിൻെറ ഭാഗമായി ഇതു സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുമായി പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(സി) വയോജന നയം സംബന്ധിച്ച കർമ്മ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനു വേണ്ടി ഒരു ഇൻറർ ഡിപ്പാർട്ട്മെൻറൽ കമ്മറ്റി, വയോജനക്ഷേമ സമിതി, വയോജന കൗൺസിൽ, ജില്ലാതല കൗൺസിലുകൾ എന്നിവ രൂപീകരിക്കുന്നതിന് വയോജന നയം വ്യവസ്ഥ ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

531
2

## II. നയപ്രസ്താവന

17. സംസ്ഥാനത്തെ വയോജന നയരേഖ പ്രകാരം വയോജനങ്ങൾ എന്ന് വിവക്ഷിക്കുന്നത് 60 വയസ്സ് തികഞ്ഞവരെ ആയിരിക്കും.

18. വയോജനങ്ങൾ അവരുടെ വാർധക്യാവസ്ഥയിൽ എത്തും മുമ്പ് സമൂഹത്തിനും രാഷ്ട്രത്തിനും വേണ്ടി അനുഷ്ഠിച്ചിട്ടുള്ള മഹത്തായ സേവനങ്ങൾ അംഗീകരിക്കുന്നതോടൊപ്പം അതിന് വയോജനങ്ങളോട് സമൂഹത്തിനും രാഷ്ട്രത്തിനുമുള്ള കടപ്പാട് പ്രകടിപ്പിക്കുകയും ചെയ്യുന്നു.

19. വയോജനങ്ങളുടെ പ്രശ്നങ്ങൾ സമൂഹത്തിന്റെ കൂടി പ്രശ്നങ്ങളാണെന്നും സാമൂഹിക വികസനത്തിൽ വയോജനങ്ങൾക്ക് സജീവവും ഉത്പാദനക്ഷമവുമായ പങ്കാളിത്തത്തിന് അവസരങ്ങൾ സൃഷ്ടിച്ചുകൊടുക്കുവാൻ സർക്കാരിന് ധാർമ്മികവും ഭരണ ഘടനാപരവുമാ ബാധ്യതയുണ്ടെന്നും, പരിചരണത്തിനും പരിരക്ഷയ്ക്കും ഉപരിയായി സ്വാതന്ത്ര്യം, ആത്മസംതൃപ്തി, അന്തസ്സ് എന്നിവയ്ക്കുള്ള അവരുടെ അവകാശം ഉറപ്പാക്കണമെന്നും വയോജനങ്ങളെ സംബന്ധിച്ചുള്ള ഈ സർക്കാർ നയം അംഗീകരിക്കുന്നു.

20. വയോജനങ്ങളെ സാമ്പത്തികവും ആരോഗ്യപരവും സാമൂഹികവും വൈകാരികവുമായ തലങ്ങളിൽ ശാക്തീകരിക്കുവാനും അവർ ആത്മവിശ്വാസത്തോടെ ഫലപ്രദവും തൃപ്തികരവുമായ ജീവിതം നയിക്കുന്നതിനും പര്യാപ്ത സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ ഈ നയം ക്രിയാത്മകവും സജീവവും നേതൃത്വപരവുമായ സർക്കാർ പങ്കാളിത്തം വിഭാവനം ചെയ്യുന്നു.

21. ശ്രദ്ധയും പരിചരണവും ആവശ്യമായ വയോജനങ്ങൾക്ക്, അതായത് എൺപതു വയസിനു മേൽ പ്രായമുള്ളവർ, വിധവകൾ, അവിവാഹിതരും കുട്ടികളില്ലാത്തവരുമായ സ്ത്രീകൾ, വികലാംഗർ, ദുർബലർ, അനാഥർ, വീട്ടിൽ മറ്റാരും ഇല്ലാത്തവർ, കുടുത്ത മാരകമായ രോഗം പിടിപെട്ടവർ, ബന്ധുക്കളാരും ഇല്ലാത്തവർ മുതലായവർക്ക് - ക്രിയാത്മക നടപടി മുഖേന പ്രത്യേക പരിപാലനവും പരിരക്ഷയും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ഈ നയം മുൻകൂട്ടികാണുന്നുണ്ട്.

22. യുവാക്കളും വയോജനങ്ങളും തമ്മിലുള്ള അഭിപ്രായ സമന്വയവും ഒരുമയും ഏതൊരു സമൂഹത്തിന്റെയും കെട്ടുറപ്പിന് ആവശ്യമാണ്. ഈ വസ്തുത കണക്കിലെടുത്ത് അനുയോജ്യമായ കർമ്മ പരിപാടികൾ നടപ്പിലാക്കുന്നതാണ്.

23. പ്രായമായവരെ ഉചിതമായ രീതിയിൽ പരിപാലിക്കുന്ന കാര്യത്തിൽ കുടുംബങ്ങൾക്ക്

531
3

പ്രോത്സാഹനം നല്കുന്നതിന് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിന് ഈ നയം ഉദ്ദേശിക്കുന്നു. പ്രായമായവരെ സംരക്ഷിക്കുന്ന കാര്യത്തിൽ മക്കൾക്കും ബന്ധുക്കൾക്കുമുള്ള കടമകൾ ഉറപ്പാക്കുന്ന നിയമനിർമ്മാണം നടത്താനും ഉദ്ദേശമുണ്ട്.

24. വയോജനങ്ങളായ മാതാപിതാക്കളെ സംരക്ഷിക്കുക എന്നത് പെൺമക്കളുടേയും ആൺമക്കളുടേയും തുല്യ അവകാശവും ചുമതലയുമായിരിക്കും.

25. അർഹരായ എല്ലാ വയോജനങ്ങൾക്കും തങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനു പര്യാപ്തമായ ഒരു തുക ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള സമഗ്രമായ ഒരു വയോജന പെൻഷൻ പദ്ധതി ഈ നയം വിഭാവന ചെയ്യുന്നു.

26. ചെലവു കുറഞ്ഞതും എല്ലാ വയോജനങ്ങൾക്കും അനുയോജ്യവുമായ ആരോഗ്യപരിപാലന സൗകര്യങ്ങൾ ലഭ്യമാക്കുകയെന്നത് ഈ നയത്തിന്റെ ലക്ഷ്യമാണ്.

27. സംസ്ഥാനത്തുള്ള വയോജനങ്ങൾക്ക് സ്ഥാപനപരമായ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന പ്രത്യേക ആവശ്യം പരിഗണിച്ച് വൃദ്ധരെ പരിപാലിക്കുന്ന സ്ഥാപനങ്ങൾ (വൃദ്ധസദനങ്ങൾ ഉൾപ്പെടെ) വികസിപ്പിക്കുന്നതിനും പ്രവർത്തനം സുഗമമാക്കുന്നതിനും സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും പ്രോത്സാഹനങ്ങൾ നല്കാൻ ഈ നയത്തിൽ വ്യവസ്ഥ ചെയ്യുന്നു.

28. വയോജനങ്ങൾക്കു വേണ്ടിയുള്ള ക്ഷേമ പരിപാടികൾ സംഘടിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും സർക്കാരിതര സംഘടനകളും ഉൾപ്പെടെയുള്ള തദ്ദേശ സമൂഹത്തിന് നിർണായകമായ പങ്കുള്ളതായി ഈ നയം അംഗീകരിക്കുന്നു. ഉചിതമായ സാമ്പത്തിക - സാമ്പത്തികേതര പ്രോത്സാഹനങ്ങളിലൂടെ ഇവയെ സഹായിക്കുകയും ചെയ്യുന്നതാണ്.

29. പ്രായമാവുകയെന്നത് തുടർച്ചയായ ഒരു പ്രക്രിയയാണെന്നും ഏതെങ്കിലും ഒരു നിശ്ചിത പ്രായത്തിൽ പൊടുന്നനേ സംഭവിക്കുന്ന ഒന്നല്ലെന്നുള്ള വസ്തുത ഈ നയം അംഗീകരിക്കുന്നു. തന്മൂലം ആരോഗ്യ പൂർണ്ണവും ഫലപ്രദവും ഊർജസ്വലവുമായ വാർധക്യ ജീവിതത്തിന് സജ്ജമാക്കുന്നതിനുവേണ്ടി അതിനു മുമ്പുള്ള പ്രായക്കാരെക്കൂടി ഈ നയം ഉൾക്കൊള്ളുന്നുണ്ട്.

(Section Officer)

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 532

29.3.2007-ൽ മറുപടിക്ക്

**ഭൂഗർഭ ജല സാദ്ധ്യത പഠനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പി. അനിൽകുമാർ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. കെ. സി. വേണുഗോപാൽ :<br>ശ്രീ. സി. പി. മുഹമ്മദ് : | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഭൂഗർഭ ജലസാദ്ധ്യതയെക്കുറിച്ച് പഠനം നടത്തുവാൻ ലോക ബാങ്ക് വായ്പ അനുവദിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി)പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിനും രണ്ടാം ഘട്ടത്തിനും കൂടി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത് ; | (ബി) ഒന്നാം ഘട്ടത്തിൽ 13.93 കോടി രൂപയും രണ്ടാം ഘട്ടത്തിന് 10.83 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) തുക അനുവദിച്ചിട്ടുള്ളത് എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് വിശദമാക്കുമോ ? | (സി) 2006 ഏപ്രിൽ 5 മുതൽ 2012 ജൂൺ 30 വരെയുള്ള 6 (ആറ്) വർഷക്കാലത്തേയ്ക്കാണ് പദ്ധതിയുടെ നടത്തിപ്പ്. 2024-ാമാണ്ടോടുകൂടി തുക ഇന്ത്യാ ഗവൺമെന്റ് തിരിച്ചടയ്ക്കേണ്ടതാണ്. കേന്ദ്ര സർക്കാരിന്റെയും ലോകബാങ്കിന്റെയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന വിവിധ ഉപദേശക സമിതികളാണ് പദ്ധതി നിയന്ത്രിക്കുന്നത്. നദീതട പദ്ധതിയുടെ പഠനം നടത്തി ഭാരതപ്പുഴയിൽ ഡിസിഷൻ സപ്പോർട്ട് സിസ്റ്റം നടത്തുവാനും വിവിധ പ്രശ്നാധിഷ്ഠിത പദ്ധതികൾ ഏറ്റെടുത്ത് നടത്തുവാനും ഡിപ്പാർട്ടുമെന്റിനെ കൂടുതൽ ശക്തിപ്പെടുത്തുവാനും കൂടി വേണ്ടിയാണ് ഈ തുക ചെലവിട്ടിരിക്കുന്നത്.<br>സിവിൽ വർക്കിന്റെ ചെലവിനത്തിലെ 90%-ഉം സാധന/യന്ത്ര സാമഗ്രികളുടെ ചെലവിനത്തിലെ 100%-ഉം കൺസൾട്ടൻസി ചാർജിനത്തിലെ 90%-ഉം ട്രെയിനിംഗ് ചെലവിന്റെ 100%-ഉം നടത്തിപ്പ് ചെലവ് ഇനത്തിൽ 1-ാം വർഷം 80%-ഉം, 2-ാം വർഷം 75%-ഉം, 3-ാം വർഷം 60 %-ഉം, 4-ാം വർഷം മുതൽ 50%-ഉം റീ-ഇംബേഴ്സ്മെന്റ് ആയി ലോകബാങ്ക് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നം : 533 | 29.3.2007 -ൽ മറുപടിയ്ക്ക് |

**മുല്ലപ്പെരിയാർ അണക്കെട്ടിൽ പ്രവേശിക്കുന്നതിനുള്ള നിയന്ത്രണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി. എൻ. പ്രതാപൻ<br>ശ്രീ. എം. മുരളി<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുല്ലപ്പെരിയാർ അണക്കെട്ടിൽ തേക്കടിവഴി മലയാളികൾ പ്രവേശിക്കുന്നതിന് എന്തെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; | (എ) പൊതുജനങ്ങൾ പ്രവേശിക്കുന്നതിന് തമിഴ്നാട് പി.ഡബ്ല്യു.ഡി.യിൽ നിന്നും അനുവാദം വാങ്ങണമെന്ന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കേരള ജലസേചന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഡാമിൽ പ്രവേശിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) തമിഴ്നാട്ടുകാർ പ്രസ്തുത അണക്കെട്ടിൽ കടക്കുന്നതിന് എന്തെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; | (ബി) തമിഴ്നാട്ടുകാരായ പൊതുജനങ്ങൾ പ്രവേശിക്കുന്നതിനും തമിഴ്നാട് പി.ഡബ്ല്യു.ഡിയിൽ നിന്നും അനുവാദം വാങ്ങണമെന്ന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത അണക്കെട്ടിൽ 8-1-2007-ൽ തമിഴ്നാട് ഡാം സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അഞ്ചംഗ സംഘം രഹസ്യ സന്ദർശനം നടത്തിയിരുന്നോ ; | (സി) 8-1-2007-ൽ തമിഴ്നാട് ഡാം സൂപ്രണ്ടിന്റെ നേതൃത്വത്തിൽ രണ്ടംഗ സംഘം അണക്കെട്ടിൽ സന്ദർശനം നടത്തിയിരുന്നു. |
| (ഡി) ഈ സംഘത്തിലുണ്ടായിരുന്നത് ആരെല്ലാമായിരുന്നു; | (ഡി) തമിഴ്നാട് ഡാം സൂപ്രണ്ടും, ഒരു ഫോട്ടോഗ്രാഫറും. |
| (ഇ) അവരുടെ സന്ദർശനോദ്ദേശമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ? | (ഇ) ഡാമിന്റെ പാരപ്പെറ്റിന്റെ പൊളിഞ്ഞുപോയ ഭാഗത്തിന്റെ ഫോട്ടോയെടുക്കുക എന്നുള്ളതായിരുന്നു സന്ദർശനോദ്ദേശ്യം. |

P.R. Varghese

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 534

29.03.2007-ൽ മറുപടിക്ക്

## സ്വകാര്യ പ്രസ്സുകളിലെ സർക്കാർ പ്രിന്റിംഗ് പണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. മാണി<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>പ്രൊഫ. എൻ. ജയരാജ് | ശ്രീ. മാത്യു ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിലെ പ്രിന്റിംഗ് ജോലികൾ സ്വകാര്യ പ്രസ്സുകളെ ഏൽപ്പിക്കുന്നുണ്ടോ ;<br><br>(ബി) എങ്കിൽ അങ്ങനെയുള്ള പ്രസ്സുകളെ പ്രിന്റിംഗ് ജോലികൾക്കായി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ? | (എ)യും (ബി)യും: ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിലെ ഭൂരിഭാഗം അച്ചടി ജോലികളും സർക്കാർ പ്രസ്സുകളിലാണ് നിർവ്വഹിച്ചു വരുന്നത്. സർക്കാർ വകുപ്പുകളുടെ എല്ലാ അച്ചടി ജോലികളും സർക്കാർ പ്രസ്സുകളിൽത്തന്നെ ചെയ്യിക്കണമെന്നും സർക്കാർ പ്രസ്സുകളിൽ ചെയ്യാൻ കഴിയാത്തവ ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതിയോടു കൂടി മാത്രമേ മറ്റ് പ്രസ്സുകളിൽ അച്ചടിയ്ക്കാവൂ എന്നും 14.07.2004-ലെ 25339/എച്ച്3/04/ഉ.വി.വ. നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിച്ചിരിക്കണമെന്ന് 05.03.07-ലെ 27089/എച്ച്3/06/ഉ.വി.വ. നമ്പർ സർക്കുലർ പ്രകാരം വകുപ്പു മേധാവികൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 535 | 29.03.2007-ൽ മറുപടിയ്ക്ക് |
|---|---|

### മോർച്ചറി നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ | സർക്കാർ ആശുപത്രികളിലെ മോർച്ചറികൾ നവീകരിക്കുന്നതിനും പുതുതായി നിർമ്മിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | എ | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻകീഴിലുള്ള തിരുവനന്തപുരം മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് പുതിയ മോർച്ചറി പണിയുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. കോട്ടയം മെഡിക്കൽ കോളേജ് മോർച്ചറി നവീകരിക്കുകയും പുതുതായി മോർച്ചറി ക്യാബിൻ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ 23 ലക്ഷം രൂപ ചെലവിൽ മേർച്ചറി നവീകരിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. ആലപ്പുഴ ടൗൺ ആശുപത്രിയിൽ പ്രവർത്തിക്കുന്ന മോർച്ചറി കൂടുതൽ സൗകര്യങ്ങളോടെ വണ്ടാനത്തേക്ക് മാറ്റുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ മോർച്ചറി നവീകരണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.<br>ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള എറണാകുളം ജനറൽ ആശുപത്രിയിൽ മോർച്ചറി നവീകരിക്കുന്നതിന് ശ്രീ. നവാബ് രാജേന്ദ്രൻ സംഭാവന ചെയ്ത തുക ഉപയോഗിച്ച് മോർച്ചറി നവീകരണത്തിന് ഒരു ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ആലത്തൂർ സി.എച്ച്.സി.യിലും ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലും മോർച്ചറി പുതുതായി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആലത്തൂരിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ ആശുപത്രിയിലെ മോർച്ചറി നവീകരിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ പുതിയ കെട്ടിടത്തിൽ മോർച്ചറി സജ്ജമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | മോർച്ചറികളിൽ മൃതദേഹങ്ങൾ ശരിയായ രീതിയിൽ സൂക്ഷിക്കാത്തത് സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന വർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; | ബി | യന്ത്രത്തകരാറ് മൂലം ചില അവസരങ്ങളിൽ മൃതദേഹം സൂക്ഷിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകാറുണ്ട് എന്നതൊഴിച്ചാൽ മൃതദേഹങ്ങൾ ശരിയായ രീതിയിലാണ് സൂക്ഷിച്ച്‌വരുന്നത്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| സി | ഡോക്ടർമാരുടെ കുറവുമൂലം മൃതദേഹങ്ങൾ പോസ്റ്റുമോർട്ടം ചെയ്തു കിട്ടുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുന്ന ഇടങ്ങളിൽ നിലവിലുള്ള ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി കാലതാമസം കൂടാതെ പോസ്റ്റ്മോർട്ടം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം. 536 29.3.2007-ൽ മറുപടിക്ക്

സ്വകാര്യ ആശുപത്രികളുടെ ചൂഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ<br>ശ്രീ. യു.സി. രാമൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് ; ഇവയുടെ എണ്ണം വർഷംതോറും വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | **(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളുടെ എണ്ണം ആരോഗ്യവകുപ്പ് തിട്ടപ്പെടുത്തിയിട്ടില്ല. എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) ഈ ആശുപത്രികളിൽ ചികിത്സക്ക് എത്തുന്നവരെ സാമ്പത്തികമായി ചൂഷണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | **(ബി) യും (സി) യും (ഡി) യും**<br><br>**ഇക്കാര്യം പരിശോധിച്ചുവരുന്നു.** |
| (സി) ഇല്ലെങ്കിൽ ഇതേക്കുറിച്ച് വിശദമായ അന്വേഷണം നടത്തുമോ ; | |
| (ഡി) സ്വകാര്യ ആശുപത്രികളുടെ ചൂഷണത്തിനെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ - 537

29.3.2007-ൽ മറുപടിക്ക്

ബസ്സുകൾക്ക് ഇൻഷ്വറൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ.മാത്യു.ടി.തോമസ്<br>(ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത എത്ര കെ.എസ്.ആർ.ടി.സി ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; | എ) കെ.എസ്.ആർ.ടി.സി യുടെ 4,556 ബസ്സുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷയില്ല. |
| ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള തടസ്സം എന്താണ്; | ബി) ഇൻഷ്വറൻസ് എടുക്കുവാൻ ഏകദേശം 10 കോടി രൂപ ഒറ്റതവണയായി അടയ്ക്കേണ്ടിവരും. സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാൽ ഇത്രയും തുക കൊടുക്കാനില്ല എന്നതാണ് ഒരു പ്രധാന കാരണം. ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ചകൾ നടന്നുവരുന്നു. |
| സി) നിലവിൽ എത്ര കെ.എസ്.ആർ .ടി.സി ബസ്സുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷയുണ്ട്; അവ ഓർഡിനറി, ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് തുടങ്ങി ഓരോ വിഭാഗങ്ങൾ തിരിച്ച് അറിയിക്കുമോ; | സി) കെ.എസ്.ആർ.ടി.സി രണ്ട് വോൾവോ ബസ്സുകൾക്ക് മാത്രമേ ഇപ്പോൾ ഇൻഷ്വറൻസ് പരിരക്ഷയുള്ളൂ. |

തുടർച്ച......2

ഡി) ഇൻഷ്വറൻസ് പരിരക്ഷയില്ലാതെ വാഹനങ്ങൾ നിരത്തിൽ ഇറക്കാമോ; ഇപ്രകാരം വാഹനങ്ങൾ നിരത്തിലിറക്കിയാൽ അഭിമുഖീകരിക്കേണ്ടിവരുന്ന റിസ്കിനെക്കുറിച്ച് വിശദീകരിക്കുമോ;

ഡി) മോട്ടോർ വാഹന നിയമത്തിലെ 146(3) വകുപ്പ് പ്രകാരം പൊതുമേഖലയിലുള്ള ട്രാൻസ്പോർട്ട് സ്ഥാപനങ്ങളിലെ വാഹനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷയില്ലെങ്കിലും നിരത്തിലിറക്കാൻ അനുമതിയുണ്ട്. ഇപ്രകാരം വാഹനങ്ങൾ നിരത്തിലിറക്കിയാൽ സംഭവിക്കുന്ന അപകട ങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് ബാദ്ധ്യതയുണ്ടാകുന്നു.

ഇ) ഈ ഗവൺമെന്റ് വന്നതിനുശേഷം ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത എത്ര കെ.എസ്.ആർ.ടി.സി ബസ്സുകൾ അപകടത്തിൽപ്പെട്ടു. എത്ര രൂപയുടെ നഷ്ടം ഈ ഇനത്തിൽ സർക്കാരിന് ഉണ്ടായിട്ടുണ്ട്;

ഇ) 794 അപകടങ്ങൾ. ഈ അപകടങ്ങളെ തുടർന്നുണ്ടാകുന്ന എം.എ.സി.റ്റി. കേസ്സുകളിൽ വിധി പ്രഖ്യാപിക്കുമ്പോൾ മാത്രമേ നഷ്ടം നിശ്ചയിക്കാൻ കഴിയുകയുള്ളൂ.

എഫ്) എക്സംപ്ഷൻ-53 ന്റെ പിൻബലമുണ്ടെങ്കിൽ കെ.എസ്.ആർ.ടി.സി ബസ്സുകളെ ഇൻഷ്വറൻസ് എടുക്കുന്നതിൽ നിന്ന് ഒഴിവാക്കുമോ;

എഫ്) ഇപ്പോൾ തന്നെ ഇപ്രകാരമുള്ള പരിരക്ഷയുണ്ട്.

ജി) പ്രതിദിനം നിരവധി ആളുകൾ യാത്ര ചെയ്യുന്നപ്രസ്തുത ബസ്സുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേ ണ്ടതാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

എച്ച്) എങ്കിൽ എപ്പോൾ എല്ലാ ബസ്സുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ പൂർണ്ണമായും ഏർപ്പെടുത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ജി) യും (എച്ച്) ഉം

എല്ലാ ബസ്സുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതു സംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനികളുമായി കൂടിയാലോചിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 538

29.3.2007-ൽ മറുപടിക്ക്

## കടൽഭിത്തി നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. [illegible] ആനന്ദൻ<br>ശ്രീ. [illegible]<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീ. എം. കെ. പുരുഷോത്തമൻ :<br>ശ്രീ. [illegible] | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഇപ്പോൾ എവിടെയെല്ലാമാണ് കടൽഭിത്തി നിർമ്മാണം നടക്കുന്നത് ; | (എ)<br>തിരുവനന്തപുരം:-<br>മുതലപ്പൊഴി, വെട്ടുതുറ, വേളി, പൂവാർ, വലിയതുറ എന്നിവിടങ്ങളിൽ കടൽഭിത്തി നിർമ്മാണം നടക്കുന്നു.<br>കൊല്ലം :<br>താന്നി, ഇരവിപുരം, കോവിൽത്തോട്ടം, പൊൻമന, ആലപ്പാട്.<br>ആലപ്പുഴ:-<br>ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, ചേത്തി, ചെന്നവേലി, ഒറ്റമശ്ശേരി, അന്ധകാരനാഴി, ചെത്തിക്കാട്, കാട്ടൂർ, ഓമനപ്പുഴ, പുന്നപ്ര, കോമന, തുമ്പോളി കക്കാഴം, ആനന്ദേശ്വരം, തോട്ടപ്പള്ളി.<br>എറണാകുളം:-<br>വൈപ്പിൻ ദ്വീപിൽ ഇടവനക്കാട്, പള്ളിപ്പുറം, ചെറായി, കുഴിപ്പള്ളി, നായരമ്പലം, ഞാറയ്ക്കൽ എടവനക്കാട്, എലങ്കുന്നപ്പുഴ. ചെല്ലാനം ദ്വീപിൽ കണ്ടക്കടവ് പുത്തൻതോട്, സൗദി, തെക്കെച്ചെല്ലാനം, മഞ്ഞ ത്താമുക്ക്, മറുവക്കാട്, ചെറിയകടവ് മാലാഖപ്പടി, കണ്ണമാലി എന്നിവിടങ്ങളിൽ കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവർത്തികൾ നടന്നു വരുന്നു<br>തൃശ്ശൂർ:-<br>എറിയാട്പുരം പഞ്ചായത്ത്, എറിയാട് പഞ്ചായത്ത് എന്നിവിടങ്ങളിൽ<br>കോഴിക്കോട്:-<br>ഏലത്തൂർ പഞ്ചായത്തിൽ നരിച്ചാൽ ബീച്ച്. |

കൊയിലാണ്ടി താലൂക്കിൽ കാപ്പാട് ബീച്ച്, മൂടാടി ബീച്ച്, അയനിക്കാട് ബീച്ച്, കൊളാവിപ്പാലത്തിനടുത്ത് കോട്ടയ്ക്കൽ കടപ്പുറം എന്നിവിടങ്ങളിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. അയനിക്കാട്, എലത്തൂർ മുനമ്പിനു വടക്കുവശം ചക്കുംകടവ്, ചാമുണ്ഡിവളപ്പ് എന്നിവിടങ്ങളിൽ പുനരുദ്ധാരണ പ്രവർത്തികൾ പുനരുദ്ധാരണ പ്രവർത്തികൾ നടന്നു വരുന്നു.

<u>മലപ്പുറം:-</u>

വള്ളിക്കുന്ന് പഞ്ചായത്തിൽ കടൽഭിത്തി നിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

<u>കണ്ണൂർ:-</u>

മുഴപ്പിലങ്ങാടി, പുതിയങ്ങാടി, മീൻകുന്ന്, കടലായ് എന്നിവിടങ്ങളിൽ പുതിയ ഭിത്തി നിർമ്മിക്കുവാനും മാട്ടൂൽ, അഴീക്കൽ, ചെട്ടിപ്പാലം, പാലിശ്ശേരി എന്നിവിടങ്ങളിൽ പുനരുദ്ധാരണ പ്രവർത്തികൾക്കും ടെൻഡർ നടപടികൾ ആയിട്ടുണ്ട്

<u>കാസർകോട്:-</u>

തൈക്കടപ്പുറത്തും കോയിപ്പാടിയിലും പുനരുദ്ധാരണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്

(ബി) എത്ര കിലോമീറ്ററോളം കടൽത്തീരം കടലാക്രമണത്തിന് വിധേയമാകുന്നുണ്ട് ;

(ബി) 478 കി മീ.

(സി) കടൽഭിത്തി നിർമ്മാണത്തിന് ആധുനിക സങ്കേതങ്ങൾ ഉപയോഗിക്കുന്ന പദ്ധതി അനുസരിച്ച് എവിടെയെല്ലാം നിർമ്മാണം നടത്തിയിട്ടുണ്ട് ; ഇത് വിജയപ്രദമാണോ എന്ന് തെളിഞ്ഞിട്ടുണ്ടോ ;

(സി)ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ച് (Central Water & Power Reserch Station Pune) തിരുവനന്തപുരം ജില്ലയിലെ വലിയതുറ, പെരുമാതുറ, വേളി എന്നീ ഭാഗങ്ങളിലും കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്തിലും, ആലപ്പുഴ ജില്ലയിലെചെന്നവേലി, ഒറ്റമശ്ശേരി, കാട്ടൂർ എന്നീ ഭാഗങ്ങളിലും എരിയാട് പഞ്ചായത്തിൽ അഴീക്കോട് മുതൽ എറിയാട് വരെയും തലശ്ശേരിയിൽ മീൻകുന്ന് കടപ്പുറത്തും കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം, ബെറിക്ക, ഷിറിയ, കോയിപ്പാടി കാവുഗോളി, ചേരങ്കായി, അടുക്കത്തുപായൽ, കളനാട്, കീഴൂർ, ചെമ്പരിക്ക, കോട്ടിക്കുളം, ബേക്കൽ പള്ളിക്കര, അജാനൂർ, തൈക്കടപ്പുറം, പടന്ന, കുന്നുവീട് കടപ്പുറം, മാവില എന്നീ സ്ഥലങ്ങളിലും കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട് ഇത് വിജയപ്രദമാണ്

5386

| | |
|---|---|
| (ഡി) കടൽക്ഷോഭ ബാധിത പ്രദേശങ്ങളിലെ കടൽ ഭിത്തി നിർമ്മാണങ്ങളുടെ പുരോഗതി വെളിപ്പെടുത്തുമോ; | (ഡി) കൊല്ലം ജില്ലയിൽ ആലപ്പാട് പഞ്ചായത്തിലെ ജയന്തികോളനി ചെറിയഴീക്കൽ കോവിൽതോട്ടം ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴ, കായംകുളം പൊഴി, ഒറ്റമശ്ശേരി, അന്ധകാരനഴി. ആലപ്പുഴ ജില്ലാ ആശുപത്രിക്ക് വടക്ക്വശം, കുത്തിയതോട്, അന്ധകാരനഴി പൊഴി, എറണാകുളം ജില്ലയിൽ ചെല്ലാനം, ഐലന്റിൽ കണ്ണേക്കാട് ഫിഷിംഗ് ഗ്യാപിന് വടക്കുവശം, വൈപ്പിൻ ഐലന്റിൽ എടവനക്കാട്, കോഴിക്കോട് ജില്ലയിലെ കൊളാവിപ്പാലം എന്നീ കടലാക്രമണബാധിത സ്ഥലങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കടൽഭിത്തി നിർമ്മാണവും പുനരുദ്ധാരണവും ഏറ്റെടുത്തതിൽ ഏകദേശം എല്ലാ പണികളും പൂർത്തീകരിച്ചിട്ടുണ്ട്. ഒറ്റമശ്ശേരിയിൽ BLS 172-176 വരെയുള്ള കടൽഭിത്തി നിർമ്മാണത്തിന്റെ ടെണ്ടർ സർക്കാർ ടെണ്ടർ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. കൂടാതെ തറയിൽ കടവ് ch 49.500 കി.മീ മുതൽ 50,000 കി.മീ. ch.50-500 മുതൽ 51-500 കി.മീ വരെയുള്ള കടൽഭിത്തിയുടെ നിർമ്മാണം, പലയിടങ്ങളിലായി മിച്ചിന്റെ അപര്യാപ്തതമൂലം പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 539 — 29.3.2007-ൽ മറുപടിക്ക്

### നെയ്യാർ ഡാമിൽ നിന്നും തമിഴ്നാടിന് ജലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് മേഴ്സിയർ :<br>ശ്രീ. എം. എ. വാഹീദ് :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. എൻ. ശക്തൻ : | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നെയ്യാർ ഡാമിൽ നിന്ന് തമിഴ്നാടിന് വെള്ളം കൊടുക്കുവാനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ ; | (എ) 18.10.2006 -ൽ കേരള നിയമസഭ അംഗീകരിച്ച പ്രമേയം പ്രകാരം 2003 -ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി തമിഴ്നാട് സംസ്ഥാനത്തെ കന്യാകുമാരി ജില്ലയിൽ വിളവൻകോട് താലൂക്കിലെ കാർഷിക ആവശ്യങ്ങൾക്കായി കാലാനുസൃതമായി വിലയിടാക്കിക്കൊണ്ട് നെയ്യാറിൽ നിന്നും വെള്ളം നൽകുന്നതിന് വേണ്ടി തമിഴ്നാടുമായി ഒരു കരാറിൽ ഏർപ്പെടുന്നതിന് സർക്കാരിനെ ചുമതലപ്പെടുത്തി. ഇപ്രകാരം ഒരു കരാർ ചിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) എത്ര വെള്ളമാണ് നെയ്യാർ ഡാമിൽ നിന്നും തമിഴ്നാടിന് നല്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (ബി) നെയ്യാർ ഡാമിൽ നിന്നും തമിഴ്നാടിന് നൽകുന്ന വെള്ളത്തിന്റെ അളവ് നിജപ്പെടുത്തിയിട്ടില്ല. ഇപ്പോൾ നെയ്യാർ ഡാമിൽ നിന്ന് തമിഴ്നാട്ടിലേക്ക് ജലം വിതരണം ചെയ്യുന്നില്ല. |

P. A. Varghese

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.540 — 29.3.2007-ൽ മറുപടിക്ക്

## പെൺ ഭ്രൂണഹത്യ തടയാൻ കർശന നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ:<br>ശ്രീ കെ.പി. മോഹനൻ:<br>ശ്രീ എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ എം.കെ. പ്രേംനാഥ് | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) പെൺഭ്രൂണഹത്യ തടയുന്ന നിയമം പൂർണ്ണമായി പാലിക്കപ്പെടുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി) പെൺഭ്രൂണഹത്യ തടയുന്നതിനുള്ള നിയമം നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ നിലവിലുള്ള സംവിധാനം എന്തെന്ന് വിശദമാക്കുമോ; | ബി) പെൺഭ്രൂണഹത്യ തടയുന്നതിനുള്ള നിയമം നടപ്പിലാക്കുന്നതിനുവേണ്ടി എല്ലാ സ്കാനിംഗ് സെന്ററുകൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. രണ്ടു മാസത്തിലൊരിക്കൽ എല്ലാ ജില്ലയിലും ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി മീറ്റിംഗും സബ് ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി മീറ്റിംഗും കൂടുന്നുണ്ട്. സംസ്ഥാനതല കമ്മിറ്റി മീറ്റിംഗ് രണ്ടു മാസത്തിലൊരിക്കൽ കൂടുന്നുണ്ട്. കൂടാതെ സ്കാനിംഗ് സെന്ററുകളിൽ സർപ്രൈസ് ഇൻസ്പെക്ഷനും നടത്തുന്നുണ്ട്. |
| സി) നിയമം കർശനമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | സി) സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ